VOL NO: 04 | ISSUE 04
www.nerpatham.com
mail@nerpatham.com


2020 JANUARY 25 | ₹12

# നേർപഥം

## വാരിക

# ചരിത്രം മറന്നവരുടെ ഇടം ചരിത്രത്തിന്റെ ചവറ്റുകൂനയിൽ!

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത പ്രതിഷേധ സമരങ്ങളിലൂടെയാണ് ഇന്ത്യ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. കാവൽക്കാർ തന്നെ കവർച്ചക്ക് കൂട്ടുനിൽക്കുന്ന സാഹചര്യത്തിൽ പ്രജകൾ തെരുവിലിറങ്ങുന്നത് സ്വാഭാവികം! അടക്കിപ്പിടിച്ച നെടുവീർപ്പുകൾ കൊടുങ്കാറ്റായി രൂപാന്തരപ്പെടുന്ന സമയത്ത് സ്വേച്ഛാധിപതികൾക്ക് കാലം നൽകിയ തിരിച്ചടികൾ ഒരിക്കൽ കൂടി അയവിറക്കുന്നത് അഭികാമ്യമായിരിക്കും.



## ചരിത്രം പഠിക്കുക, ചരിത്രം രചിക്കുക

## സൂഫിസത്തെ താലോലിക്കുന്നവർ

## വെറുക്കുവാനല്ല; സ്നേഹിക്കുവാൻ ശീലിക്കുക

മുസ്‌ലിമിന്റെ മനസ്സിൽ ആരോടും സ്ഥായിയായ വെറുപ്പുണ്ടാകുവാൻ പാടില്ല. സ്‌നേഹമാണ് അവനിൽ നിറഞ്ഞുനിൽക്കേണ്ടത്. നമ്മിൽ നുഴ്ന്നു കേറുന്ന വെറുപ്പിന്റെ തേരട്ടകളെ സ്‌നേഹത്തിന്റെ ചൂടും ശക്തിയും കൊണ്ട് നശിപ്പിക്കാനാവണം. ആത്മാർഥ സ്‌നേഹത്തോടെ അന്യരോട് പെരുമാറുന്ന ഒരു വ്യക്തിക്ക് ജീവിതത്തിന്റെ മാധുര്യം അനുഭവിക്കുവാൻ കഴിയും.

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

നേർപഥം
വാരിക

0158 / 2020 ജനുവരി 25 / 1441 ജുമാദൽ അവ്വൽ 30 / പുസ്തകം 04 / ലക്കം 04



# ചരിത്രം മറന്നവരുടെ ഇടം ചരിത്രത്തിന്റെ ചവറ്റുകൂനയിൽ!

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര / 10


**മുഖമൊഴി**

വെറുക്കുവാനല്ല; സ്നേഹിക്കുവാൻ ശീലിക്കുക / 05
എഡിറ്റർ

**ലേഖനം**

ജീവിതത്തിലെ ബാക്ക് പേപ്പറുകൾ / 18
അബൂഹംദാൻ, ആലത്തിയൂർ

ധൃതികാണിച്ച് നശിക്കരുത് / 22
മുഹമ്മദ് സ്വാദിഖ് മദീനി

ചങ്ങാത്തം / 26
അബ്ദുൽ ജബ്ബാർ മദീനി

ചരിത്രം പഠിക്കുക, ചരിത്രം രചിക്കുക / 30
അർഷദ് താനൂർ

**വിമർശനം**

സൂഫിസത്തെ താലോലിക്കുന്നവർ / 06
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**

മുൽക് (ആധിപത്യം), ഭാഗം: 1 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ക്വുർആൻ പാഠം**

ക്വുർആൻ മാനവർക്ക് മാർഗദർശനം / 34
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# സാമുദായിക ധ്രുവീകരണം മതനിരപേക്ഷ സമൂഹം ജാഗ്രത പാലിക്കണം: വിസ്ഡം യൂത്ത്

**കോഴിക്കോട്:** രാജ്യത്ത് സാമുദായിക ധ്രുവീകരണത്തിന് വഴിവെക്കുന്ന വിധം ഫാഷിസ്റ്റ് ശക്തികൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ മതനിരപേക്ഷ സമൂഹം ജാഗ്രത പാലിക്കണമെന്ന് കോഴിക്കോട് നടന്ന വിസ്ഡം യൂത്ത് സംസ്ഥാന കൗൺസിൽ സമ്മേളനം അഭിപ്രായപ്പെട്ടു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാധാനപരമായി നടന്നുവരുന്ന പ്രതിഷേധ സമരങ്ങളെ അടിച്ചമർത്തുകയും അക്രമത്തിലൂടെ നേരിടുകയും ചെയ്യുന്ന സമീപനത്തിൽ നിന്നും ഭരണകൂടം പിന്തിരിയണം. മതനിരപേക്ഷ മൂല്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടി ജനാധിപത്യപരമായി നടക്കുന്ന സമരങ്ങൾക്ക് മതത്തിന്റെ നിറംനൽകി സാമുദായിക ധ്രുവീകരണത്തിന് ആക്കം കൂട്ടുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

ജെ.എൻ.യു വിദ്യാർഥികളുടെ സമരങ്ങളോട് സർക്കാർ സ്വീകരിക്കുന്ന സമീപനങ്ങളും സർക്കാൻ അനുകൂല സംഘടനകൾ നടത്തുന്ന ആക്രമണങ്ങളും അപലപനീയമാണ്.

രാഷ്ട്രീയ ലക്ഷ്യങ്ങളില്ലാതെ സമാധാനപരമായി നടക്കുന്ന എല്ലാ പ്രതിഷേധ പരിപാടികളിലും പങ്കെടുക്കാൻ കൗൺസിൽ ആഹ്വാനം ചെയ്തു.

രാജ്യവ്യാപകമായി ക്യാമ്പസുകളിൽ നടക്കുന്ന പ്രക്ഷോഭങ്ങൾ മതനിരപേക്ഷ സമൂഹത്തിന് വലിയ പ്രതീക്ഷയാണ് നൽകുന്നതെന്ന് മുസ്‌ലിം യൂത്ത് ലീഗ് അഖിലേന്ത്യ ജന: സെക്രട്ടറി സി.കെ സുബൈർ അഭിപ്രായപ്പെട്ടു. കൗൺസിൽ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കൃത്യമായ നേതൃത്വമോ, സംഘടന സംവിധാനങ്ങളോ ഇല്ലാതെ നടത്തുന്ന സമരങ്ങളെ സമീപിക്കുമ്പോൾ ജാഗ്രത പാലിക്കണം. സമരങ്ങൾക്ക് നേതൃത്വം നൽകുന്നവരെ ഭയപ്പെടുത്തുകയാണ് ഭരണകൂടം ചെയ്യുന്നതെന്നും സി.കെ സുബൈർ കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹുസൈൻ കാവനൂർ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജന: സെക്രട്ടറി കെ. സജ്ജാദ് അധ്യക്ഷത വഹിച്ചു. അബ്ദുല്ല ഫാസിൽ, താജുദ്ദീൻ സ്വലാഹി, ഡോ. മുഹമ്മദ് റഫീഖ്, ഡോ. മുഹമ്മദ് റാഫി, ഡോ. പി.എൻ ശബീൽ, മുജീബ് ഒട്ടുമ്മൽ, യു. മുഹമ്മദ് മദനി, അൻവർ. ഒ, പി.യു സുഹൈൽ തുടങ്ങിയവർ സംസാരിച്ചു.

### വിസ്ഡം യൂത്ത്: ഹാരിസ് കായക്കൊടി പ്രസിഡന്റ്, കെ താജുദ്ദീൻ അഹ്മദ് സ്വലാഹി ജന: സെക്രട്ടറി

കോഴിക്കോട്: വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റായി ഹാരിസ് കായക്കൊടിയെയും ജന: സെക്രട്ടറിയായി കെ. താജുദ്ദീൻ സ്വലാഹിയെയും കോഴിക്കോട്ട് നടന്ന സംസ്ഥാന കൗൺസിൽ തെരഞ്ഞെടുത്തു. ഡോ. പി.എൻ ഷബീൽ ആണ് ട്രഷറർ. മറ്റു ഭാരവാഹികൾ: മുജീബ് ഒട്ടുമ്മൽ, മുഹമ്മദ് അൻവർ. ഒ, ഡോ. ഫസലുറഹ്മാൻ കക്കാട് (വൈസ് പ്രസിഡന്റുമാർ). സുഹൈൽ പി.യു, അബ്ദുല്ല ഫാസിൽ, യു. മുഹമ്മദ് മദനി, ജംഷീർ സ്വലാഹി (സെക്രട്ടറിമാർ).

കൗൺസിൽ സമ്മേളനത്തിൽ കെ സജ്ജാദ് അധ്യക്ഷത വഹിച്ചു. ടി.കെ അശ്റഫ്, ഹുസൈൻ കാവനൂർ, ഡോ. മുഹമ്മദ് കുട്ടി, താജുദ്ദീൻ സ്വലാഹി, ഡോ. സി മുഹമ്മദ് റാഫി, ഉനൈസ് സ്വലാഹി, മുജീബ് ഒട്ടുമ്മൽ എന്നിവർ പ്രസംഗിച്ചു. പി.യു സുഹൈൽ, മുഹമ്മദ് അൻവർ, ഡോ. പി. എൻ ഷബീൽ, യു. മുഹമ്മദ്, അബ്ദുല്ലാ ഫാസിൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

മുഖമൊഴി

# വെറുക്കുവാനല്ല; സ്നേഹിക്കുവാൻ ശീലിക്കുക

വാശിയും ദേഷ്യവും കൊണ്ട്
പലരും മനസ്സിൽ തീർക്കുന്ന
വറ്റിവരണ്ട നീരുറവ
നിറഞ്ഞൊഴുകുവാൻ
സ്നേഹത്തിന്റെ ചെറിയൊരു
ചാറ്റൽ മഴ മതിയാകും

ചെറുതും വലുതുമായ നന്മകളെല്ലാം ഇസ്‌ലാം മാനവ സമൂഹത്തെ പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തുന്നത് പുണ്യകർമമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബിﷺ സംഭവബഹുലമായ തന്റെ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു.

അബൂദർറ് ജുൻദബ് ഇബ്നുജുനാദ്ؓയിൽ നിന്ന് നിവേദനം; നബിﷺ എന്നോട് പറഞ്ഞു: "നന്മയിൽ യാതൊന്നിനെയും നീ നിസ്സാരമാക്കരുത്; നിന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും"(മുസ്‌ലിം).

ഇസ്‌ലാം നന്മകൾക്കു നൽകുന്ന സ്ഥാനം ഈ നബിവചനത്തിൽനിന്നു തന്നെ വ്യക്തമാണ്. നല്ലതായ ഒരു കാര്യവും ഒരു മുസ്‌ലിം നിസ്സാരമായി ഗണിക്കാൻ പാടില്ല. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് ആത്മാർഥതയോടെ അവൻ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു സ്വീകരിക്കും.

പുഞ്ചിരിയോടെ ഒരാളെ അഭിമുഖീകരിക്കുക എന്നതുപോലും അവഗണിക്കാവുന്നതല്ല. മനസ്സിൽ പകയും വിദ്വേഷവും ഇല്ലാത്തവർക്കേ അതിനു സാധിക്കുകയുള്ളൂ. ചില്ലറ പിണക്കം പോലും ഒരു പുഞ്ചിരിയിൽ മാഞ്ഞുപോകുമെന്നതാണ് യാഥാർഥ്യം.

മനസ്സിൽ എന്തിന്റെയൊക്കെയോ പേരിൽ മറ്റുള്ളവരോട് വാശിയും ദേഷ്യവും കൊണ്ടുനടക്കുന്നവരുണ്ട്. പലപ്പോഴും കാരണം നിസ്സാരമായിരിക്കും. ചിലപ്പോൾ തെറ്റുധാരണകൊണ്ടായിരിക്കാം. കാരണം എന്തായാലും അവരെ നോക്കി ഒന്ന് പുഞ്ചിരിച്ചാൽ, സ്നേഹത്തോടെ പെരുമാറിയാൽ പിണക്കമെല്ലാം നിമിഷനേരം കൊണ്ട് മാഞ്ഞുപോകുന്നത് കാണുവാൻ സാധിക്കും.

ഒരു മുസ്‌ലിമിന്റെ മനസ്സിൽ ആരോടും സ്ഥായിയായ വെറുപ്പുണ്ടാകുവാൻ പാടില്ല. സ്നേഹമാണ് അവനിൽ നിറഞ്ഞുനിൽക്കേണ്ടത്. നമ്മിൽ നുഴ്ന്നുകേറുന്ന വെറുപ്പിന്റെ തേരട്ടകളെ സ്നേഹത്തിന്റെ ചൂടും ശക്തിയും കൊണ്ട് നശിപ്പിക്കാനാവണം. ആത്മാർഥ സ്നേഹത്തോടെ അന്യരോട് പെരുമാറുന്ന ഒരു വ്യക്തിക്ക് ജീവിതത്തിന്റെ മാധുര്യം അനുഭവിക്കുവാൻ കഴിയും. മറ്റൊരാൾ നമ്മോട് സ്നേഹം പ്രകടിപ്പിച്ചാൽ അതിനോട് സ്നേഹത്തോടെ പ്രതികരിക്കാൻ നാം തയ്യാറാകണം. അവിടെ മതവും ജാതിയും കക്ഷിരാഷ്ട്രീയവും മറ്റും പ്രതിബന്ധമായിക്കൂടാ.

സ്രഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും എന്തെല്ലാമെന്ന് പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യൽ സത്യവിശ്വാസിയുടെ കടമയാണ്.

"...നല്ലതെന്ത് നിങ്ങൾ പെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു" (ക്വുർആൻ 2:215).

"അപ്പോൾ ആർ ഒരണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും" (ക്വുർആൻ 99:7).

"വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരനീതിയും കാണിക്കപ്പെടുകയില്ല" (ക്വുർആൻ 6:161).

മൂസ സ്വലാഹി, കാര
moosakara001@gmail.com

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 11




ഹിജ്റ 150 കളിൽ അബൂഹിശാം എന്ന വ്യക്തിയിലൂടെ ഉണ്ടായിവന്ന ശിയാസന്തതികളാണ് സൂഫികൾ. പുതിയ വിശ്വാസാചാരങ്ങൾ, അമിതമായ ഭൗതിക വിരക്തി, മതതീവ്രത, പ്രമാണങ്ങളെ നിരസിക്കൽ... ഇതെല്ലാമാണ് സൂഫിസത്തിന്റെ പ്രധാന പിഴവുകൾ. പ്രത്യേക വേഷഭൂഷാധികൾ, പ്രത്യേക തരം ചേഷ്ടകൾ, ഹാവഭാവങ്ങൾ എന്നിവകളാൽ സൂഫിസം പലർക്കും ആകർഷകമായി മാറി, ലോകത്ത് പടർന്നുപിടിച്ചു.

സ്വിറാത്വുൽ മുസ്തകീം എന്ന യഥാർഥ മാർഗത്തെ മാറ്റിവച്ച് തീജാനിയ്യ, ക്വാദിരിയ്യ, നഖ്ശബന്തിയ്യ, ശാദുലിയ്യ, രിഫാഈയ്യ തുടങ്ങിയ വ്യക്തികേന്ദ്രീകൃത ത്വരീക്വത്തുകളിൽ വിഹരിക്കുന്നതാണ് സൂഫികൾക്ക് ഏറെ പ്രിയം. ഇത് അല്ലാഹുവിന്റെ കൽപനയെ നിരാകരിക്കലും നബിﷺയുടെ വസ്വിയ്യത്തിനെ വകവെക്കാതിരിക്കലും അത്കൊണ്ടുതന്നെ ഗുരുതരമായ വഴികേടുമാണ്.

അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (6:153).

ശിയാക്കൾ പ്രചരിപ്പിക്കുന്ന അന്ധവിശ്വാസങ്ങളെ സൂഫീ ആചാര്യന്മാരിൽ നിന്ന് സ്വീകരിച്ചാചരിച്ച് പോരുന്ന ജീവിത രീതിയായിരുന്നു കേരള മുസ്‌ലിംകളുടെത്. കൊണ്ടോട്ടി, പൊന്നാനി എന്നീ വ്യാജ ത്വരീഖത്തുകൾ, ജാറങ്ങൾ, മക്ബറകൾ, കുപ്പിപ്പാട്ട്, പക്ഷിപ്പാട്ട്, മാലപ്പാട്ട് തുടങ്ങിവയ്ക്കെല്ലാം വലിയ മഹത്ത്വം കണ്ടിരുന്ന കാലം. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജനങ്ങൾക്കിടയിലുള്ള സ്വാധീനത്തിൽ വലിയ ഇടിവുണ്ടായി. പലതും പാടെ കയ്യൊഴിക്കപ്പെടുക തന്നെ ചെയ്തു.

സൂഫികളുടെ വികലമായ ആദർശത്തെ അതിരറ്റ് സ്നേഹിക്കുന്നവരും സ്വീകരിക്കുന്നവരുമാണ് സമസ്തക്കാർ. ഒരു തെളിവ് കാണുക: "ഇസ്‌ലാമികാദർശത്തിന്റെ ആത്മാവ് കണ്ടറിഞ്ഞ് പ്രവാചകത്താവഴിയിലൂടെ സ്വീകരിച്ച മൂല്യങ്ങൾ കെട്ടുപോകാതെ സൂക്ഷിച്ച സൂഫീ ധാരയോടാണ് വഹാബികൾക്ക് കലിപ്പ്" (സുന്നിവോയ്സ്, 2018 ഫെബ്രുവരി 1-15, പേജ് 20).

സൂഫികളുടെ ഇസ്‌ലാമിക വിരുദ്ധമായ ആശയങ്ങളെ വിമർശിക്കുന്നതിലുള്ള സമസ്തക്കാരുടെ അതൃപ്തിയാണ് ഈ ഉദ്ധരണിയിൽ നാം കാണുന്നത്.

വീണ്ടും കാണുക: "സൂഫി പൈതൃകത്തെ സ്വീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആത്മീയ വിചാരത്തിന്റെ ആന്ദോളനമുണ്ടാകുന്ന കാലമാണ് റബീഉൽ ആഖിറും ജമാദുൽ ഊലായും. വ്യവസ്ഥാപിതമായി ആത്മീയ സരണിയെ ദർശനം ചെയ്ത് ആത്മീയ വിഹായസ്സിലെ താരകങ്ങളായ ശൈഖ് ജീലാനി(റ), ശൈഖ് രിഫാഈ(റ) ഈ മാസങ്ങളിൽ കൂടുതൽ അനുസ്മരിക്കപ്പെടുന്നു. ഈ ജീവിത പാരമ്പര്യത്തിന് പുറംതിരിഞ്ഞു നിൽക്കുന്നത് കൊണ്ടാണ് സൂഫിസത്തെ ബിദഇകൾ താറടിക്കുന്നതും" (സുന്നിവോയ്സ്, 2019 ഡിസംബർ 16-31, പേജ്,27).

സൂഫി പാരമ്പര്യത്തെ പിൻപറ്റാനുള്ള പ്രേരണയാണ് മുസ്‌ലിയാരുടെ ഈ വാക്കുകളിലുള്ളത്. ഇത് അസ്വീകാര്യവും പ്രമാണങ്ങൾ പഠിപ്പിക്കാത്തതുമാണ്. അഹ്‌ലുസ്സുന്ന വഴികാണിക്കുന്നത് ഉത്തമ തലമുറയിൽ ജീവിച്ചവരുടെ മാർഗത്തിലേക്കാണ്. അത് അതുല്യവും ഉദാത്തവുമാണ്.

അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം; നബി(സ) പറഞ്ഞു: "എന്റെ തലമുറയാണ് ഉത്തമ തലമുറ. പിന്നെ അവരെ പിൻപറ്റിയർ. പിന്നെ അവരെ പിൻപറ്റിയവർ" (ബുഖാരി).


ഉത്തമ തലമുറക്കാർക്ക് പരിചയമില്ലാത്ത കാര്യം എങ്ങനെയാണ് ഇസ്‌ലാമിക പാരമ്പര്യത്തിന്റെ ഭാഗമാവുക?

ഇസ്‌ലാമിന്റെ പൈതൃകത്തെ സൂഫികളുമായി കൂട്ടിക്കെട്ടുന്ന സമസ്തക്ക് അവരുമായുള്ള ആത്മബന്ധം എത്രത്തോളമുണ്ടെന്ന് കൂടി വിലയിരുത്താം.

മതത്തിന്റെ മറപിടിച്ച് മുസ്‌ലിം സമൂഹത്തിൽ വിഭാഗീയതയും കക്ഷിത്വവും ഛിദ്രതയും ഉണ്ടാക്കിയവരാണ് സൂഫികൾ. ഇത് മതം അനുവദിച്ചിട്ടില്ല.

അല്ലാഹു പറയുന്നു: "അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ" (ക്വുർആൻ 30:32).

അമ്പിയാക്കൾ, ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ഔലിയാക്കൾ എന്നിവരെ വിളിച്ച് തേടുന്നവരാണ് സൂഫികൾ. 'യാ റസൂലല്ലാ, ഗൗസീ വ മദദീ, യാ ജീലാനീ, യാ രിഫാഈ' എന്നിങ്ങനെ



ഇവർ വിളിച്ചു തേടുന്നു. ഇത് അല്ലാഹുവിന്റെ അവകാശത്തിൽ പങ്കുചേർക്കലും നബിﷺക്ക് അല്ലാഹു നൽകിയ താക്കീതിനെ അവഗണിക്കലുമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 10:106).

ലോകത്തിന്റെ നിയന്ത്രണവും കൈകാര്യകർതൃത്വവും അബ്ദാൽ, അഖ്ത്വാബ്, ഔലിയാക്കൾ എന്നിവരെയാണ് അല്ലാഹു ഏൽപിച്ചിരിക്കുന്നതെന്ന് സൂഫികൾ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. മക്കാ മുശ്‌രിക്കുകൾക്കുണ്ടായിരുന്ന റുബൂബിയ്യത്തിലുള്ള വിശ്വാസം പോലും ഇവർക്കില്ലെന്നർഥം.

അല്ലാഹു പറയുന്നു: "പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (ക്വുർആൻ 10:31).

പരീക്ഷണങ്ങളും പ്രയാസങ്ങളും ബാധിക്കുന്ന സന്ദർഭങ്ങളിൽ അല്ലാഹുവല്ലാത്തവരോട് അഭയം തേടുന്ന സൂഫീ മാർഗം ഇസ്‌ലാമിന്റേതല്ല.

അല്ലാഹു പറയുന്നു: "(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ" (ക്വുർആൻ 6:17).

മറഞ്ഞ കാര്യങ്ങൾ അറിയാനുള്ള കഴിവ് വലിയ്യുകൾക്ക് ഉണ്ടെന്ന് വിശ്വസിക്കുന്ന, അവർക്ക് അല്ലാഹുവിൽനിന്ന് വെളിപാടുണ്ടാകുന്നുവെന്ന് വിശ്വസിക്കുന്ന, അദ്വൈതവാദത്തെ അരക്കിട്ടുറപ്പിക്കുന്ന സൂഫികൾ എങ്ങനെയാണ് ഇസ്‌ലാമിന്റെ യഥാർഥ വക്താക്കളാവുക? ഇതിനൊന്നും ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല എന്ന് ഇസ്‌ലാമിന്റെ ബാലപാഠം മനസ്സിലാക്കിയിട്ടുള്ളവർക്ക് അറിയാം.

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല" (ക്വുർആൻ 27:65).

**ഇരുമ്പിന്റെ ആയുധം കൊണ്ട് 'യാ ജദ്ദാഅ്' എന്ന് വിളിച്ച് ശരീരത്തിൽ കുത്തുന്ന സമ്പ്രദായം സൂഫികൾക്കുണ്ട്. ഇതിലൂടെ ഇവർക്ക് ലഭിക്കുക പൈശാചിക സഹായമല്ലാതെ മറ്റെന്താണ്? ദുൻയാവിനെ തന്നെ മറന്ന് കൊണ്ടുള്ള ആത്മപീഡനം, സംഗീതോപകരണങ്ങളുടെ അകമ്പടിയോടെയുള്ള പാട്ടുകൾ, അനിസ്‌ലാമിക ആഘോഷ സദസ്സുകൾ സംഘടിപ്പിക്കൽ, അത്യുച്ചത്തിലും ആടിയും ദിക്ർ ചൊല്ലൽ, മക്ബ്വറകളിലേക്ക് കാര്യസാധ്യത്തിനായി യാത്രകൾ നടത്തൽ തുടങ്ങി അനേകം അനിസ്‌ലാമികമായ പ്രവണതകൾ ഇവരിൽ കാണുവാൻ സാധിക്കും.**



"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (ക്വുർആൻ 112:14).

സൂഫികൾ അവരുടെ നേതാക്കൾക്ക് അപ്രമാദിത്വം കൽപിക്കുന്നവരാണ്. അവരുടെ വാക്കുകൾ അല്ലാഹുവിനും നബിﷺക്കും എതിരായാൽ പോലും സൂഫികൾക്ക് വലുത് കക്ഷി പ്രേമം തന്നെയാണ്. ഇരുമ്പിന്റെ ആയുധം കൊണ്ട് 'യാ ജദ്ദാഅ' എന്ന് വിളിച്ച് ശരീരത്തിൽ കുത്തുന്ന സമ്പ്രദായവും സൂഫികൾക്കുണ്ട്. ഇതിലൂടെ ഇവർക്ക് ലഭിക്കുക പൈശാചിക സഹായമല്ലാതെ മറ്റെന്താണ്? ഇതൊന്നും മതനിയമങ്ങളല്ല.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 49:1).

"പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തികൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും" (ക്വുർആൻ 43:36).

ദുൻയാവിനെ തന്നെ മറന്ന് കൊണ്ടുള്ള ആത്മപീഡനം, സംഗീതോപകരണങ്ങളുടെ അകമ്പടിയോടെയുള്ള പാട്ടുകൾ, അനിസ്‌ലാമിക ആഘോഷ സദസ്സുകൾ സംഘടിപ്പിക്കൽ, അത്യുച്ചത്തിലും ആടിയും ദിക്ർ ചൊല്ലൽ, മക്ബറകളിലേക്ക് കാര്യസാധ്യത്തിനായി യാത്രകൾ നടത്തൽ തുടങ്ങി അനേകം അനിസ്‌ലാമികമായ പ്രവണതകൾ ഇവരിൽ കാണുവാൻ സാധിക്കും.

ഇവർ പ്രതിനിധീകരിക്കുന്നത് ഏത് ഇസ്‌ലാമിനെയാണ്? അനിസ്‌ലാമികത മാത്രം പിന്മുറക്കാർക്ക് ബാക്കിവെച്ച സൂഫീ നേതാക്കൾ എങ്ങനെ ഇസ്‌ലാമിക പൈതൃകത്തിന്റെ ഉടമകളാകും?

മേൽ സൂചിപ്പിച്ച സൂഫികളുടെ തെറ്റായ ആശയങ്ങൾ ചൂണ്ടിക്കാട്ടി മറുപടി നൽകപ്പെട്ട ഇഹ്‌സാൻ ഇലാഹീ ളഹീർ രചിച്ച 'അത്തസ്വവ്വുഫിന്നശഉ വൽ മസ്വാദിർ'എന്ന ഗ്രന്ഥം ഇവരുടെ പൊള്ളത്തരങ്ങളെ തുറന്നുകാട്ടുന്നതാണ്.

സൂഫിസത്തെ ചാണിനു ചാണായി പിൻപറ്റാൻ ശ്രമിക്കുന്നവരാണ് സമസ്ത വിഭാഗങ്ങൾ എന്നതിന് അവരുടെ എട്ടാം പ്രമേയവും നെല്ലിക്കുത്ത് ഇസ്മായീൽ മുസ്‌ലിയാർ രചിച്ച 'അഖീദത്തുസ്സുന്ന' എന്ന ഗ്രന്ഥവും മതിയായ തെളിവാണ്.

ഏതെങ്കിലുമൊരു വ്യക്തിക്ക് പ്രത്യേകത നൽകി അയാളുടെ ജനന മരണ ദിവസങ്ങളെ ആഘോഷമാക്കി അനുഷ്ഠിക്കാൻ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. നബിﷺയുടെയോ സ്വഹാബത്തിന്റെയോ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരുടെയോ ജീവിതത്തിൽനിന്ന് ഇതിനൊന്നും തെളിവ് കണ്ടെത്താൻ സാധ്യവുമല്ല. എന്നിട്ടും എന്തിന്റെ അടിസ്ഥാനത്തിലാണ് ജീലാനീ, രിഫാഈ ആണ്ടുകൾ പോലുള്ള ഒട്ടേറെ അനാചാരങ്ങൾ മതത്തിന്റെ പേരിൽ ഇവർ നടത്തുന്നത്? ഇത് മതത്തിൽ നൂതനാചാരങ്ങൾ കടത്തിക്കൂട്ടൽ തന്നെയാണ്.

അല്ലാഹു പറയുന്നു: "അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധി കൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്" (ക്വുർആൻ 42:21).

പ്രമാണങ്ങളിൽ നിന്ന് ഇസ്‌ലാമിനെ മനസ്സിലാക്കി ജീവിതത്തിൽ പകർത്തുന്ന അഹ്‌ലുസ്സുന്നയെ പുത്തൻവാദികളാക്കി ചിത്രീകരിക്കുക വഴി സമസ്ത ചെയ്യുന്നത് നാളിതുവരെയുള്ള ശിയായിസത്തോടും സൂഫിസത്തോടുമുള്ള ബന്ധം ഊട്ടിയുറപ്പിക്കലാണ്. കർമങ്ങൾ വിചാരണചെയ്യപ്പെടുന്ന നീതിയുടെ നാളിൽ പുത്തൻവാദികൾക്ക് രക്ഷപ്പെടാനാകുമെന്ന് ആരും കരുതേണ്ടതില്ല.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# ചരിത്രം മറന്നവരുടെ ഇടം ചരിത്രത്തിന്റെ ചവറ്റുകൂനയിൽ!

**സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത പ്രതിഷേധസമരങ്ങളിലൂടെയാണ് ഇന്ത്യ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. കാവൽക്കാർ തന്നെ കവർച്ചക്ക് കൂട്ടുനിൽക്കുന്ന സാഹചര്യത്തിൽ പ്രജകൾ തെരുവിലിറങ്ങുന്നത് സ്വാഭാവികം! അടക്കിപ്പിടിച്ച നെടുവീർപ്പുകൾ കൊടുങ്കാറ്റായി രൂപാന്തരപ്പെടുന്ന സമയത്ത് സ്വേച്ഛാധിപതികൾക്ക് കാലം നൽകിയ തിരിച്ചടികൾ ഒരിക്കൽ കൂടി അയവിറക്കുന്നത് അഭികാമ്യമായിരിക്കും.**

നൂറ്റാണ്ടുകളായി നിലനിന്നു പോന്ന നാഗരിക ചരിത്രവും മാനവിക പാരമ്പര്യവുമുള്ള ഇന്ത്യാ രാജ്യം മതനിരപേക്ഷമായി നിലകൊള്ളണമെന്ന് സ്വാതന്ത്ര്യസമര നേതാക്കളും രാഷ്ട്രശിൽപികളും തീരുമാനിച്ചപ്പോൾ ലോകത്തിനത് നൽകിയത് ബഹുസ്വരതയുടെ പുതിയൊരു മാതൃകാരൂപമായിരുന്നു.

നാനാത്വത്തിൽ ഏകത്വം എന്ന മുഖമുദ്രയും സത്യമേവ ജയതേ എന്ന മുഖവാക്യവും ഒരു ചേരിയിലും തങ്ങൾ ഭാഗമാകുന്നില്ലെന്ന ശീതസമരകാലത്തെ ചേരിചേരാ നയവും ഈ രാജ്യത്തിന് നൽകിയത് ലോകരാജ്യങ്ങൾക്കിടയിലെ ഉന്നതസ്ഥാനവും മഹിമയുമായിരുന്നു.

രാജ്യത്തെ മുഴുവൻ വൈവിധ്യങ്ങളെയും ഉൾക്കൊള്ളാനായ ഒരു ഭരണഘടന സ്വീകരിച്ചതിനാലാണ് അയൽരാജ്യങ്ങളൊക്കെ പലതവണ പ്രതിസന്ധികളിലകപ്പെട്ടപ്പോഴും എഴുപത് കൊല്ലമായി ഈ രാജ്യം ജനാധിപത്യവും മതേരതത്വവും ഉയർത്തിപ്പിടിച്ച് ലോകരാജ്യങ്ങൾക്കു മുന്നിൽ തല ഉയർത്തി നിൽക്കുന്നത്.

ഈ സമ്പന്നമായ ചരിത്ര പാരമ്പര്യമുള്ളപ്പോഴാണ് രാജ്യം അതിന്റെ ചരിത്രത്തിലിന്നേവരെ കണ്ടിട്ടില്ലാത്ത, ഇന്ത്യൻ ഭരണഘടനയുടെ മഹിതമായ മൗലിക തത്ത്വങ്ങൾക്ക് യോജിക്കാനാവാത്ത രീതിയിൽ പൗരത്വവുമായി ബന്ധപ്പെട്ട വിചിത്ര നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളുടെ പൗരത്വം നിർണയിക്കുന്നതിൽ മതത്തെ മാനദണ്ഡമാക്കി ജനങ്ങൾക്കിടയിൽ വേർതിരിവ് സൃഷ്ടിക്കാൻ ഭരണഘടന പ്രകാരം അധികാരത്തിലെത്തിയവർ തീരുമാനിച്ചിരിക്കുകയാണ്.

ഈ അനീതിയെ വച്ചുപൊറുപ്പിക്കാൻ യഥാർഥ ഇന്ത്യൻ പൗരന്മാർക്ക് കഴിയില്ല എന്നതിനാൽ അവർ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് അതിനെതിരെ ഒറ്റക്കെട്ടായി ശബ്ദിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഈ സമര പോരാട്ടത്തിൽ ഏതെങ്കിലും ഒരു മതവിഭാഗമോ, ഏതെങ്കിലും ഒരു ജാതിയിലുള്ള ആളുകളോ, ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ അനുയായികളോ മാത്രമല്ല പങ്കെടുക്കുന്നത് എന്നതാണ് ഏറെ ശ്രദ്ധേയമായിട്ടുള്ളത്. എല്ലാ ജാതി, മത വിഭാഗങ്ങളും ഈ സമര പോരാട്ടത്തിൽ പങ്കാളികളാകുന്നുണ്ട്. പാർലമെന്റിൽ ഒരുവേള പൗരത്വഭേദഗതി ബില്ലിനെ അനുകൂലിച്ചവർ പോലും നിയമത്തിന്റെ വിശദാംശങ്ങളിലേക്ക് കടന്നപ്പോൾ സർക്കാരിന് എതിരായി നിൽക്കുന്നതാണ് ബീഹാറിലും ആന്ധ്രയിലും തമിഴ്നാട്ടിലും പഞ്ചാബിലും നാം കാണുന്നത്.

ഭരണഘടനാ പദവിയിലിരിക്കുന്ന പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്ന് വരാൻ പാടില്ലാത്ത പ്രയോഗങ്ങൾ പലപ്പോഴും പറഞ്ഞു പോയിട്ടുള്ള പ്രധാനമന്ത്രിയാണ് നരേന്ദ്രമോഡി. പ്രധാനമന്ത്രിയായിരിക്കെ ആണ് ഗുജറാത്ത് കലാപത്തെ കുറിച്ച് താങ്കൾക്കതിൽ വർഷങ്ങൾക്കു ശേഷം സങ്കടം തോന്നുന്നുണ്ടോ എന്ന് ചോദിച്ചപ്പോൾ നമ്മുടെ പ്രധാനമന്ത്രി 'ഒരു വാഹനത്തിനടിയിൽ പട്ടിക്കുഞ്ഞുങ്ങൾ പെട്ടാൽ നമുക്കെന്താണ് തോന്നുക' എന്ന് തിരിച്ചു ചോദിച്ചത്. ഒരു പ്രത്യേക മതവിഭാഗത്തിൽ പെട്ട മനുഷ്യർക്ക് താൻ ഒരു വിലയും കൽപിക്കുന്നില്ല എന്ന് പറയാതെ പറയുകയാണ് അദ്ദേഹം ചെയ്തത്.

പൗരത്വ ഭേദഗതി ബില്ലിനെതിരെയുള്ള സമര പോരാട്ടത്തിനിടയിൽ ജെ.എൻ.യുവിലെ വിദ്യാർഥികൾക്കെതിരിൽ പൊലീസുകാർ നരനായാട്ട് നടത്തിയതിന്റെ ദൃശ്യങ്ങൾ നാമൊക്കെ കണ്ടതാണ്. എന്നിട്ടും അക്രമത്തിനു പിന്നിൽ ഒരു പ്രത്യേക മതവിഭാഗമാണ് എന്ന് വരുത്തിത്തീർക്കുവാൻ 'വസ്ത്രങ്ങൾ കണ്ടാലറിയാം ആരാണ് അക്രമികൾ എന്ന്' പ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നുവെന്നത് അപകടകരമായ സൂചനയാണ് നൽകുന്നത്. അത് തിരിച്ചറിഞ്ഞ മതേതര ചേരിയിലെ സമര പോരാളികൾ അടങ്ങിയിരുന്നില്ല. തങ്ങളുടെ ഷർട്ട് ഊരിയെറിഞ്ഞ് അവർ പ്രതിഷേധിച്ചു. മത ചിഹ്നമായി ചെറുപ്പം മുതൽ കൊണ്ട് നടക്കുന്ന പൂണൂൽ പുറത്തുകാണിച്ച് ഞാനാണീ സമരത്തിന്റെ മുൻനിരയിൽ നിൽക്കുന്നത്, എന്റെ വസ്ത്രം കണ്ടാൽ എന്നെ നിങ്ങൾക്കു തിരിച്ചറിയാമോ എന്ന് ചോദിച്ച ബ്രാഹ്മണനെയും, തന്റെ വസ്ത്രം സിഖുകാരന്റെതാണ് എന്ന് തിരിച്ചറിയുമെങ്കിൽ ഞാനിതാ എന്റെ മതവസ്ത്രം അഴിച്ചു വെച്ച് ജനാധിപത്യ പോരാളികളോടൊപ്പം നിൽക്കുന്നു എന്ന് പറഞ്ഞ് സിഖ് മതവിശ്വാസത്തിന്റെ ഭാഗമായുള്ള തലപ്പാവ് അഴിച്ചു വെക്കുന്ന സിഖ് മതവിശ്വാസിയെയും, പർദയും മഫ്തയുമണിഞ്ഞ് ചോദ്യശരങ്ങളെയ്ത അമുസ്‌ലിം സ്ത്രീകളെയും സമരരംഗത്ത് നാം കാണുകയുണ്ടായി. ഹൈന്ദവ സന്യാസിമാരും പണ്ഡിതന്മാരും ക്രൈസ്തവ പുരോഹിതന്മാരുമൊക്കെ ഈ സമര രംഗത്ത് സജീവമാണ്.

മുംബൈയിൽ ക്ഷേത്രത്തിലേക്ക് കടന്നുചെന്ന മന്ത്രി ആദിത്യ താക്കറെയോട് മഠാധിപതി പറഞ്ഞത് ഹിന്ദുവിന്റെ ശത്രു ഹിന്ദുവിനിടയിൽ തന്നെയാണ് എന്ന് തിരിച്ചറിയുകയും മുസൽമാനെയും സിഖുകാരനെയും ചേർത്ത് പിടിക്കുകയും ചെയ്യുക എന്നാണ്.



മതത്തിന്റെ പേരിലുള്ള ഈ പൗരത്വ നിർണയ നിയമം മതനിരപേക്ഷതയോടും നാനാത്വത്തിൽ ഏകത്വം എന്ന ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യത്തോടുമുള്ള കടുത്ത അവമതിപ്പാണ് എന്ന ബോധ്യത്തിൽ നിന്ന് കൊണ്ട് ലോകമെമ്പാടും കടുത്ത പ്രതിഷേധങ്ങൾ ഈ നിയമത്തിനെതിരെ ഉയർന്നുകൊണ്ടിരിക്കുകയാണ്. പാർലമെന്റിന്റെ ഇരുസഭകളും വോട്ടിനിട്ട് സാങ്കേതികമായി പാസ്സാക്കി രാഷ്ട്രപതി ഒപ്പുവെച്ച ബില്ലാണെങ്കിലും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന, സമത്വം എല്ലാവർക്കും ഒരുപോലെ ലഭിക്കപ്പെടണമെന്ന നിർദേശത്തിന് വിരുദ്ധമാണത്. ഒരു മതവിഭാഗത്തെ മാത്രം മാറ്റി നിർത്തുന്ന, മറ്റൊരു രീതിയിൽ പറഞ്ഞാൽ ചില വിഭാഗങ്ങൾക്ക് മാത്രം പൗരത്വം അനുവദിച്ചു കൊടുക്കുന്ന ഈ നിയമ ഭേദഗതി തികച്ചും ഭരണഘടനാവിരുദ്ധമാണ്, മനുഷ്യത്വമില്ലാത്തതാണ്.

ന്യൂനപക്ഷവിഭാഗങ്ങളിൽ പെട്ട ആളുകളെ വ്യാപകമായി പൗരത്വമില്ലാത്തവരും അഭയാർഥികളുമായി മുദ്ര കുത്താനും അതുവഴി പ്രത്യേകം നിർമിക്കുന്ന ഡിറ്റക്ഷൻ സെന്ററുകളിലേക്കും തടവറകളിലേക്കും അവരെ പറഞ്ഞുവിടാനും അങ്ങനെ രാജ്യത്ത് കുറെ കലാപകാരികളെ സൃഷ്ടിക്കാനും രാജ്യത്തിന്റെ സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുത്താനുമാണ് ഈ നിയമം വഴി വെക്കുക എന്ന് ബോധ്യപ്പെട്ടത് കൊണ്ടാണ് ഇന്ത്യയിലെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അമേരിക്കയിലെ ന്യൂയോർക്ക്, വാഷിംഗ്ടൺ, ഹവാർഡ് യൂണിവേഴ്സിറ്റി, മസാച്ചുചെസ് യൂണിവേഴ്സിറ്റി, കൊളമ്പിയ യൂണിവേഴ്സിറ്റി തുടങ്ങി ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രതിഷേധ ചത്വരങ്ങളിലും വലിയ പ്രതിഷേധങ്ങൾ വിദ്യാർഥി സമൂഹത്തിന്റെയും പൊതുസമൂഹത്തിന്റേതുമായി നടന്നത് ലോകം കണ്ടു. ജർമനിയിലെ ബെർലിൻ നഗരത്തിൽ ജർമനിക്കാർ ഉയർത്തിയ പ്ലക്കാർഡിലെ കാർട്ടൂൺ ലോകത്തിന്റെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി.

> **ഐക്യരാഷ്ട്രസഭയുടെ തലസ്ഥാനം കുടികൊള്ളുന്ന ജനീവ, പാരിസ്, സ്പെയിനിലെ ബാഴ്സലോണ, അമേരിക്കയിലെ തന്നെ സാൻഫ്രാൻസിസ്കോ, ജപ്പാൻ തലസ്ഥാനമായ ടോക്കിയോ, ഹെൽസിങ്കി നഗരം, ആംസ്റ്റർഡാം, ചിക്കാഗോ നഗരം, യൂറോപ്പിലെ വിവിധ യൂണിവേഴ്സിറ്റികൾ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ഹെഡിൻബർഗ് യൂണിവേഴ്സിറ്റി, ലണ്ടൻ യൂണിവേഴ്സിറ്റി, ലീഡൻ യൂണിവേഴ്സിറ്റി, നെതർലാൻഡ്, ബെർലിൻ, സുറിച് നഗരങ്ങൾ തുടങ്ങിയവയിലെല്ലാം പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രതിഷേധ പ്രകടനങ്ങൾ നടക്കുകയുണ്ടായി. ഇസ്രായേലിലെ വിദ്യാർഥി സമൂഹം വരെ ഇതിനെതിരെ പ്രതിഷേധം ഉയർത്തിയെന്നത് ചിന്തനീയമാണ്.**

ഹിറ്റ്ലർക്ക് ഇന്ത്യയിൽ ഒരു കുട്ടി ജനിച്ചിരിക്കുന്നു, മോദി എന്നാണ് അയാളുടെ പേര് എന്ന് അതിൽ എഴുതിവച്ചിരുന്നു!

ഐക്യരാഷ്ട്രസഭയുടെ തലസ്ഥാനം കുടികൊള്ളുന്ന ജനീവ, പാരിസ്, സ്പെയിനിലെ ബാഴ്സലോണ, അമേരിക്കയിലെ തന്നെ സാൻഫ്രാൻസിസ്കോ, ജപ്പാൻ തലസ്ഥാനമായ ടോക്കിയോ, ഹെൽസിങ്കി നഗരം, ആംസ്റ്റർഡാം, ചിക്കാഗോ നഗരം, യൂറോപ്പിലെ വിവിധ യൂണിവേഴ്സിറ്റികൾ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ഹെഡിൻബർഗ് യൂണിവേഴ്സിറ്റി, ലണ്ടൻ യൂണിവേഴ്സിറ്റി, ലീഡൻ യൂണിവേഴ്സിറ്റി, നെതർലാൻഡ്, ബെർലിൻ, സുറിച് നഗരങ്ങൾ തുടങ്ങിയവയിലെല്ലാം പ്രതിഷേധ പ്രകടനങ്ങൾ നടക്കുകയുണ്ടായി. ഇസ്രായേലിലെ വിദ്യാർഥി സമൂഹം വരെ ഇതിനെതിരെ പ്രതിഷേധം ഉയർത്തുകയുണ്ടായി.

ബംഗ്ലാദേശിലെ ധാക്ക യൂണിവേഴ്സിറ്റി ശക്തമായ പ്രതിഷേധവുമായി കടന്നുവന്നു. ഓസ്ട്രേലിയയിലെ മെൽബണിലെ വിക്ടോറിയ പാർലിമെന്റ് ചതുരത്തിൽ ഇന്ത്യൻ കമ്യൂണിറ്റി നടത്തിയ പ്രതിഷേധ സമരം ചരിത്രത്തെ ഓർമിപ്പിക്കുന്നത് കൂടിയായി. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ നിന്നും ഒട്ടേറെ ആളുകളെ നാടുകടത്തിയ പ്രദേശം കൂടിയാണ് ഓസ്ട്രേലിയ. അവർക്കറിയാം പൗരത്വത്തിന്റെ വില. മാതൃരാജ്യത്തോടുള്ള അടങ്ങാത്ത സ്നേഹം

അവരുടെ സമരത്തിൽ ജ്വലിച്ചുനിന്നു. സിംഗപ്പൂർ നഗരം പ്രതിഷേധത്തിന് സാക്ഷിയായി.

ബഹ്റൈൻ പാർലമെന്റ് ഇന്ത്യയോട് ഈ വിഷയത്തിൽ പുനരാലോചന നടത്തണമെന്ന് ഔപചാരികമായി ആവശ്യപ്പെടുന്ന പ്രമേയം കൊണ്ടുവന്നു. കുവൈറ്റ് പാർലമെന്റ് അംഗങ്ങൾ പാർലമെന്റിൽ ഇതിനെതിരായ സമീപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. സൗദിഅറേബ്യ, യു.എ.ഇ എന്നിടങ്ങളിൽ നിരവധി വിശദീകരണ യോഗങ്ങൾ ഇന്ത്യൻ സമൂഹം വിളിച്ചുകൂട്ടുകയുണ്ടായി.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഡിസംബർ 11 മുതൽ പ്രക്ഷോഭത്തിന്റെ തീച്ചൂളയിലാണ്. രാജ്യതലസ്ഥാനമായ ഡൽഹിയിലെ വിശ്വപ്രസിദ്ധമായ യൂണിവേഴ്സിറ്റികളിലെല്ലാം അടങ്ങാത്ത സമരാഗ്നികൾക്കാണ് ഈ ബില്ല് കാരണമായിരിക്കുന്നത്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ തുടർന്നു വരുന്ന ഫീസ് വർധന സമരത്തോടൊപ്പം ഈ ബില്ലിനെതിരെയുള്ള സമരം കൂടി ശക്തിപ്പെട്ട് വന്നതും അതിന്റെ പരിണിത ഫലമായി ഫാസിസ്റ്റ് ശക്തികൾ യാതൊരു ന്യായീകരണത്തിനും വകയില്ലാത്ത വിധമുള്ള ക്രൂരമായ ആക്രമണം വിദ്യാർഥികൾക്ക് നേരെ അഴിച്ചുവിടുന്നതിന് രാജ്യം സാക്ഷിയാവുകയുണ്ടായി. ജാമിഅ മില്ലിയ യൂണിവേഴ്സിറ്റിയാണ് ഈ സമരത്തിന്റെ തീജ്വാല ആളിക്കത്തിച്ചത്. പൊലീസ് നരനായാട്ടിലും പിടിച്ചുനിന്ന വിദ്യാർഥി സമൂഹം സമരമുഖത്തു തന്നെയാണ് ഇപ്പോഴും. ഡൽഹി പോലീസ് ഹെഡ്ക്വാർട്ടേഴ്സ് പരിസരം ഡിസംബർ 11 ന് ശേഷം സമരമുഖരിതമാണ്.

വിദ്യാർഥികൾ ഡൽഹി പോലീസിനോട് 'ദില്ലി പോലീസ് ബാത്ത് കരോ, ആവോ ഹമാരെ സാത് ചലോ' എന്ന് പറഞ്ഞും ഇരുമ്പു ലാത്തിയുമായി നിൽക്കുന്ന പൊലീസുകാർക്ക് റോസാപുഷ്പങ്ങൾ നൽകിയും നടത്തിയ സർഗാത്മക സമരം ലോകശ്രദ്ധ നേടിയ പുതിയ കാല സമരമുറയായിരുന്നു.

ഡൽഹിയിലെ ഷാഹീൻബാഗ് എന്ന തെരുവിലും നാഷണൽ ഹൈവെയുടെ പരിസരത്തുമായി കഴിഞ്ഞ കുറെ ദിവസമായി വൃദ്ധകളും സ്ത്രീകളും കുട്ടികളും പുരുഷന്മാരും ഉറങ്ങാതെ സമര മുഖത്ത് തന്നെയാണ്. 125 വർഷത്തിനിടയിൽ ഡൽഹി അനുഭവിക്കുന്ന കൊടും തണുപ്പിനിടയിലും ഈ സമരാഗ്നി അവർ കെടാതെ നിലനിർത്തുന്നുവെന്നത് ലോകത്തെ തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഉത്തർപ്രദേശാണ് ഈ സമരം ഏറ്റവും രൂക്ഷമായി ബാധിച്ച, സമരക്കാർ ഏറ്റവും അധികം പീഡനം അനുഭവിച്ച സംസ്ഥാനം. സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ പോലീസ് രാജ് നടപ്പാക്കുകയായിരുന്നു അവിടെ. മീററ്റിലും മുസാഫർ നഗറിലും ലക്നോവിലും കാൺപുരിലും അലിഗഢിലും തുടങ്ങി വിവിധ പ്രദേശങ്ങളിൽ യാതൊരു പ്രകോപനവുമില്ലാതെ സമരക്കാർക്കു നേരെ പോലീസ് വെടിയുതിർക്കുകയായിരുന്നു. ഇരുപതിലേറെ ജീവനുകളാണ് ഉത്തർപ്രദേശിൽ മാത്രം ഈ സമര മുഖത്ത് നഷ്ടമായത്. മരിച്ചവരിൽ മിക്കവർക്കും നെഞ്ചിലും



തലയിലുമാണ് വെടികൊണ്ടത് എന്നത് പൊലീസ് കൊല്ലാൻ വേണ്ടി തന്നെയാണ് വെടിവച്ചത് എന്ന് വ്യക്തമാക്കുന്നു.

എന്നിട്ടും തളരാതെ അവർ സമരമുഖത്തുണ്ട്. നിയമത്തിന്റെ പിൻബലം ഉപയോഗിച്ച് സമരമുഖത്തിറങ്ങിയവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള യോഗി ആദിത്യനാഥിന്റെ ക്രൂരമായ നയങ്ങളെ പ്രതിരോധിച്ചു നിൽക്കുകയാണ് അവിടെയുള്ള മൈനോറിറ്റി കമ്യൂണിറ്റികൾ ഇപ്പോൾ.

പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന മിന്നൽ സന്ദർശനങ്ങൾ ലോകത്തിനു മുൻപിൽ ഉത്തർപ്രദേശിൽ നടക്കുന്നത് എന്ത് എന്ന് കാണിച്ചുകൊടുക്കുകയുണ്ടായി. അലിഗഡ് യൂണിവേഴ്സിറ്റി എന്നും ജനാധിപത്യ സമരങ്ങളുടെ വേദിയാണ്. ഈ തവണയും ആ ചരിത്രം തിരുത്താതെ അത് സമരമുഖത്തു നിറഞ്ഞുനിന്നിട്ടുണ്ട്.

ഡൽഹിയുടെ തൊട്ടടുത്ത സംസ്ഥാനമായ പഞ്ചാബിൽ തുടക്കം മുതൽ തന്നെ സി.എ.എക്കും എൻ.ആർ.സിക്കുമെതിരെ മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിംഗ് പ്രസ്താവന നടത്തുകയുണ്ടായി. എൻ.ഡി.എയുടെ പഞ്ചാബിലെ ശക്തമായ ഘടക കക്ഷിയായ അകാലിദൾ ഈ ബില്ലിനെ സമ്പൂർണമായി തള്ളിപ്പറയുകയും ഈ ബില്ലിൽ മുസ്‌ലിംകളെ കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കണം, എങ്കിലേ ഈ ബില്ല് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയുകയുള്ളൂ എന്ന് പറഞ്ഞത് മതേതര കക്ഷികൾക്ക് ആശ്വാസം പകരുന്നതായിരുന്നു.

രാജസ്ഥാൻ തുടക്കത്തിൽ തന്നെ ഈ ബില്ലിനെതിരെ നിലകൊള്ളുകയുണ്ടായി. സംവിധാൻ ബചാവോ റാലി എന്ന പേരിൽ ഡിസംബർ 22ന് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ടിന്റെ നേതൃത്വത്തിൽ രാജസ്ഥാനിൽ വലിയ റാലി സംഘടിപ്പിക്കുകയുണ്ടായി.

കരിനിയമങ്ങളെ തുടക്കത്തിൽ തന്നെ തള്ളിപ്പറഞ്ഞ മുഖ്യമന്ത്രിമാരുടെ മുൻനിരയിൽ അശോക് ഗെലോട്ടുമുണ്ട്. രാജസ്ഥാനിലെ കോട്ട നഗരത്തിൽ ഡിസംബർ 24 നു സംഘടിപ്പിച്ച റാലിയിൽ ദശലക്ഷങ്ങളാണ് പങ്കെടുത്തത്.

> **പൗരത്വഭേദഗതി ബില്ലിനെതിരിലുള്ള പോരാട്ടത്തിൽ കേരളജനത ഒറ്റക്കെട്ടാണ്. ഭരണ കക്ഷിയെന്നോ പ്രതിപക്ഷ കക്ഷിയെന്നോ വ്യത്യാസമില്ലാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായി ഒരുമിച്ചുള്ള പോരാട്ടത്തിലാണ് മലയാളികൾ. കേരളത്തിന്റെ തെരുവുകളും നഗര പ്രദേശങ്ങളും ഗ്രാമങ്ങളും സമരമുഖരിതമാണ്. ബില്ല് പാസ്സാക്കിയ ശേഷം കേരളത്തിൽ മുദ്രാവാക്യങ്ങൾ നിലച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മുൻകൈയെടുത്തതിന്റെ ഫലമായി സ്പീക്കർ പ്രത്യേകം നിയമസഭ വിളിച്ചു ചേർക്കുകയും ഭരണ, പ്രതിപക്ഷ അംഗങ്ങൾ ഒറ്റക്കെട്ടായി ഈ നിയമം നടപ്പിലാക്കിയത് പുനഃപരിശോധിക്കണമെന്നു കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കുകയും ചെയ്തത് മലയാളികൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.**

മധ്യപ്രദേശിലെ ജബൽപൂരും വിവിധ പ്രദേശങ്ങളും ഈ സമരത്തിന്റെ മുൻനിരയിൽ നിന്ന പ്രദേശങ്ങളിൽ തന്നെയാണ്. മധ്യപ്രദേശ് മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ കമൽനാഥ് ഇനിയും സമര മുഖത്തു മുന്നോട്ടു വരേണ്ടതായി അനുഭവപ്പെടുന്നുണ്ട് എന്നതും ഒരു വസ്തുതയാണ്.

ഉത്തരാഖണ്ഡ് സംസ്ഥാനത്തിലെ ഡെറാഡൂൺ, ഹൈന്ദവ തീർഥാടന കേന്ദ്രമായ ഹരിദ്വാർ, ടൂറിസ്റ്റു കേന്ദ്രമായ നൈനിറ്റാൾ, ഉദ്ദംസിങ് നഗർ തുടങ്ങിയ പ്രദേശങ്ങളെല്ലാം ഈ സമരത്തിന്റെ തീച്ചൂളയിൽ ഇളകിമറിഞ്ഞ പ്രദേശങ്ങളാണ്.

ഒഡീഷ ബി.ജെ.പി.ഏറെ ശ്രദ്ധിക്കുന്ന ഒരു സംസ്ഥാനമാണ്. കഴിഞ്ഞ തവണ നരേന്ദ്രമോഡി മത്സരിക്കാൻ സാധ്യതയുണ്ട് എന്ന് പറഞ്ഞ സംസ്ഥാനം കൂടിയാണത്. മുഖ്യമന്ത്രി നവീൻ പട്നായ്കിന്റെ വീട്ടിലേക്കും ഗവർണറുടെ വീട്ടിലേക്കും ആയിരങ്ങളാണ് ഡിസംബർ 16ാം തീയതി മാർച്ച് നടത്തിയത്. ഈ നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും ഗവർണർക്കും നിവേദനം അവർ സമർപ്പിക്കുകയും ചെയ്തു.

ഛത്തീസ്ഗഡ് സംസ്ഥാനത്തിലെ റായ്പ്പൂർ അംബേദ്കർ ചൗക്കിൽ ആയിരങ്ങൾ ഡിസംബർ 15 ന്റെ റാലിയിൽ അണിനിരക്കുകയുണ്ടായി.

ഗോവ ഈ ബില്ലിനെതിരെ ഏറ്റവും ശക്തമായ നിലപാട് പ്രഖ്യാപിച്ച മറ്റൊരു സംസ്ഥാനമാണ്. എൻ.ഡി.എയുടെ ഘടകകക്ഷി കൂടിയായ ഗോവ ഫോർവേഡ് പാർട്ടി ഇത് തികച്ചും സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്ന ബില്ലാണെന്ന് പ്രഖ്യാപിക്കുകയും ഞങ്ങൾ ഇതിനോട് സഹകരിക്കില്ല എന്നു ഉറപ്പിച്ചു പറയുകയും ചെയ്തു. ത്രിപുരയും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനമാണെങ്കിലും ഭരണ തലത്തിലിരിക്കുന്ന സഖ്യകക്ഷിയും ഈ ബില്ലിനെ തള്ളിപ്പറയുകയുണ്ടായി. 1800 ആളുകളോളം അവിടെ അറസ്റ്റ് ചെയ്യപ്പെട്ടു എന്നത് ആ സമരമുഖത്തിന്റെ തീക്ഷ്ണത സൂചിപ്പിക്കുന്നുണ്ട്.

മഹാരാഷ്ട്ര ഈ ബില്ലിനെതിരെയുള്ള സമരത്തിന് ഏറെ പ്രതീക്ഷ നൽകിയ ഒരു സംസ്ഥാനമാണ്. നിരവധി പ്രക്ഷോഭങ്ങൾക്കാണ് മഹാരാഷ്ട്രയും മുംബൈ നഗരവും സാക്ഷിയായത്. ലക്ഷങ്ങൾ പങ്കെടുത്ത സമാധാനപരമായ പ്രക്ഷോഭത്തിനാണു നഗരം സാക്ഷിയായത്.

മഹാരാഷ്ട്രയിൽ കണ്ട മറ്റൊരു ശ്രദ്ധേയമായ കാര്യം ഇന്ത്യയിൽ ഏറ്റവും വലിയ വർഗീയ ധ്രുവീകരണങ്ങൾക്കും കലാപങ്ങൾക്കും ആക്കം കൂട്ടുന്ന പ്രസ്താവനകൾ നൽകിയ പാരമ്പര്യമുള്ള പാർട്ടിയായ ശിവസേനയുടെ നിലവിലുള്ള അധ്യക്ഷൻ കോൺഗ്രസിന്റെയും എൻ.സി.പിയുടെയും പിന്തുണയോടുകൂടി ഭരണത്തിലേറിയതാണ്. മുഖ്യമന്ത്രി ഉദ്ധവ് താക്കറെ മുസ്‌ലിം സംഘടനാ നേതാക്കളുടെ യോഗം വിളിച്ചുകൂട്ടുകയും അവർക്ക് പിന്തുണ അറിയിക്കുകയും ചെയ്തത് ഈ രാജ്യം കണ്ട ഏറ്റവും ശ്രദ്ധേയമായ മതേതര മുന്നേറ്റമാണ്. ശിവസേനയുടെ പുതിയ നേതാവായി വളർന്നു വരുന്ന ശിവസേനയുടെ തലവൻ ആദിത്യ താക്കറെ ജെ.എൻ.യുവിലെ അക്രമത്തെ കുറിച്ച് നടത്തിയ പ്രസ്താവനയും രാജ്യം ശ്രദ്ധിക്കുകയുണ്ടായി. ജെ.എൻ.യുവിൽ അക്രമം നടത്തിയവർ തീവ്രവാദികളാണെന്ന കാര്യത്തിൽ സംശയമില്ലെന്നാണ് ആദിത്യ താക്കറെ അഭിപ്രായപ്പെട്ടത്. രാജ്യത്തെ കലാരംഗത്തു നിറഞ്ഞു നിൽക്കുന്ന ബോളിവുഡ് കലാകാരൻമാർ മഹാഭൂരിപക്ഷവും ഈ നിയമത്തിനെതിരായി നിൽക്കുകയും അവരെ അനുനയിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് വിളിച്ചു ചേർത്ത അത്താഴ വിരുന്നിൽ മിക്കയാളുകളും പങ്കെടുക്കാതിരിക്കുകയും ചെയ്തത് മതേതര ചേരിക്ക് വലിയ പ്രതീക്ഷ നൽകിയ കാര്യമാണ്.



മഹാരാഷ്ട്രയിലെ പൂനെ, നാസിക്, മാലെഗോൺ, ആർ.എസ്.എസ്സിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന നാഗ്പൂർ എന്നിവിടങ്ങളിൽ നടന്ന ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസും എൻ.സി.പിയും വൻ വിജയം നേടിയതും രാജ്യം ശ്രദ്ധിച്ചു.

മറ്റൊരു ശ്രദ്ധേയമായ നിലപാട് ഉണ്ടായത് ബീഹാറിലാണ്. എൻ.ഡി.എയുടെ ഭാഗമായി ഭരണം നടത്തുന്ന ജനതാദൾ യുണൈറ്റഡിന്റെ മുഖ്യമന്ത്രി നിതീഷ് കുമാർ പൗരത്വ ഭേദഗതി ബില്ലിനെതിരെയും എൻ.ആർ.സിക്കെതിരെയും ശക്തമായ നിലപാടെടുത്തു. ബീഹാറിൽ ഇത് നടപ്പിലാക്കാൻ അനുവദിക്കരുത് എന്ന് മുഖ്യമന്ത്രിയോട് ആവർത്തിച്ചു പറഞ്ഞത് ജനതാദൾ(യു)വിന്റെ വൈസ് പ്രസിഡന്റും രാജ്യത്ത് അറിയപ്പെടുന്ന തെരഞ്ഞെടുപ്പ് വിദഗ്ധനുമായ പ്രശാന്ത് കിഷോറാണ്.

രാജ്യം ശ്രദ്ധിക്കുന്ന കനയ്യ കുമാറിന്റെ നേതൃത്വത്തിൽ വൻ ആസാദി റാലികളാണ് ബീഹാറിലുടനീളം അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ബീഹാറിലെ സമര പോരാട്ടങ്ങൾക്കിടയിൽ യൂത്ത് കോൺഗ്രസ് നേതാവിന്റെ ജീവൻ നഷ്ടമായതും ഈ സമര പോരാട്ടങ്ങളിലേ മറക്കാനാവാത്ത അനുഭവമാണ്.

തെലങ്കാന സംസ്ഥാനത്തിലെ ഹൈദ്രബാദ് നഗരം ഈ പോരാട്ടത്തിൽ മതേതരചേരിയോടൊപ്പം തന്നെയുണ്ട്. യൂണിവേഴ്സിറ്റി ഓഫ് ഹൈദരാബാദ്, ഉസ്മാനിയ യൂണിവേഴ്സിറ്റി, മൗലാന ആസാദ് നാഷണൽ ഉർദു യൂണിവേഴ്സിറ്റി തുടങ്ങിയ കേന്ദ്ര യൂണിവേഴ്സിറ്റികളിൽ തുടർച്ചയായ പ്രക്ഷോഭങ്ങളാണ് ഈ ബില്ലിനെതിരെ നടന്നുകൊണ്ടിരിക്കുന്നത്.

ഹൈദരാബാദ് നഗരത്തിൽ ഉവൈസിയുടെ നേതൃത്വത്തിലും മതേതര ചേരിയിലുള്ള മറ്റു നേതാക്കളുടെ നേതൃത്വത്തിലും ലക്ഷങ്ങൾ പങ്കെടുത്ത റാലികൾ നടത്തുകയുണ്ടായി. ജനുവരി 4ന് മില്യൺ മാർച്ച് എന്ന പേരിൽ നടന്ന റാലിയിൽ ദശലക്ഷക്കണക്കിനാളുകളാണ് പങ്കെടുത്തത്. മുഖ്യമന്ത്രി ചന്ദ്രശേഖരറാവുവും അദ്ദേഹത്തിന്റെ പാർട്ടിയും തെലങ്കാന രാഷ്ട്രസമിതിയും ബില്ലിനെതിരെ നിലപാടെടുക്കു

കയും പാർലമെന്റിൽ വോട്ട് രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി. തൊട്ടപ്പുറത്തുള്ള ആന്ധ്രാപ്രദേശ് തുടക്കത്തിൽ ബില്ലിനെതിരെ മൗനം പാലിച്ചെങ്കിലും പിന്നീട് ഇതിന്റെ വിശദമായ വിവരങ്ങൾ മനസ്സിലാക്കിയതിനു ശേഷം മുഖ്യമന്ത്രി ശക്തമായ നിലപാടെടുക്കുകയും ആന്ധ്രയിൽ എൻ.ആർ.സി നടപ്പിലാക്കില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

വെസ്റ്റ് ബംഗാൾ സംസ്ഥാനമാണ് മറ്റൊരു പ്രതീക്ഷാ നിർഭര കേന്ദ്രം. മുഖ്യമന്ത്രി മമത ബാനർജിയുടെ നേതൃത്വത്തിൽ മുഴുവൻ മതേതര കക്ഷികളെയും ഒരുമിപ്പിച്ചു രാജ്യത്തിനു തന്നെ മാതൃകയാവുന്ന രീതിയിൽ പശ്ചിമ ബംഗാൾ ഈ സമരപോരാട്ടത്തിന്റെ മുൻനിരയിൽ നിൽക്കുകയാണ്. ഇരുപതു ദിവസത്തോളമായി മുഖ്യമന്ത്രി നേരിട്ട് ജനങ്ങളുമായി സംസാരിക്കുകയും റാലികൾ നടത്തുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ഈ ബില്ലിനെതിരെയും ബി.ജെ.പിക്കെതിരെയും അതിശക്തമായ ജനാധിപത്യ സമരങ്ങൾക്ക് നേതൃത്വം നൽകി വരികയും ചെയ്യുന്നു. കൊൽക്കത്ത നഗരം ഒട്ടേറെ പ്രക്ഷോഭങ്ങൾക്കു സാക്ഷിയാവുകയുണ്ടായി. ഈ ജനാധിപത്യ പോരാട്ടത്തിന്റെ മുന്നിൽ നിൽക്കാൻ പശ്ചിമബംഗാളിന് സാധിച്ചു എന്ന് നിസ്സംശയം നമുക്കു പറയാനാകും.



കേരളം ഇന്ത്യയിലെ മാതൃകാപരമായ സംസ്ഥാനമാണ്. ജനാധിപത്യ പോരാട്ടത്തിൽ കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ഒരു സീറ്റു പോലും ജനങ്ങൾ നൽകിയില്ല. മലയാളികളുടെ സാക്ഷരതയും ജനാധിപത്യബോധവും ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെയും കവച്ചുവയ്ക്കുന്നതാണ്. പൗരത്വഭേദഗതി ബില്ലിനെതിരിലുള്ള പോരാട്ടത്തിൽ കേരളജനത ഒറ്റക്കെട്ടാണ്. ഭരണ കക്ഷിയെന്നോ പ്രതിപക്ഷകക്ഷിയെന്നോ വ്യത്യാസമില്ലാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായി ഒരുമിച്ചുള്ള പോരാട്ടത്തിലാണ് മലയാളികൾ. കേരളത്തിന്റെ തെരുവുകളും നഗര പ്രദേശങ്ങളും ഗ്രാമങ്ങളും സമരമുഖരിതമാണ്. ഓരോ ദിവസവും അനേകം സ്ഥലങ്ങളിൽ സമാധാനപൂർണമായ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ബില്ല് പാസ്സാക്കിയ ശേഷം കേരളത്തിൽ മുദ്രാവാക്യങ്ങൾ നിലച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മുൻകൈയെടുത്തതിന്റെ ഫലമായി സ്പീക്കർ പ്രത്യേകം നിയമസഭ വിളിച്ചു ചേർക്കുകയും ഭരണ, പ്രതിപക്ഷ അംഗങ്ങൾ ഒറ്റക്കെട്ടായി ഈ നിയമം നടപ്പിലാക്കിയത് പുനഃപരിശോധിക്കണമെന്നു കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കുകയും ചെയ്തത് മലയാളികൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

കേരളത്തിൽ നടന്ന, ഇന്ത്യയിലെ മിക്ക ചരിത്ര പണ്ഡിതന്മാരും പങ്കെടുത്ത ചരിത്ര കോൺഗ്രസ്സിൽ വെച്ച് ഈ കരിനിയമത്തിനെതിരെയുള്ള പ്രമേയം പാസാക്കിയതും ശ്രദ്ധേയമാണ്.

മോഡിയുടെ ഗുജറാത്തിലും ഈ നിയമത്തിനെതിരെ വ്യത്യസ്തങ്ങളായ പ്രക്ഷോഭങ്ങൾ നടന്നുകഴിഞ്ഞു. അഹമ്മദാബാദിൽ ഡിസംബർ 16ന് ഇതിനെതിരെ പ്രൊട്ടസ്റ്റ് നടക്കുകയുണ്ടായി. പൊലീസ് ശക്തമായ നിയമ നിരോധനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അഹമ്മദാബാദിൽ സമര പോരാട്ടങ്ങൾ സമാധാനപൂർണമായി നടന്ന് വരുന്നുണ്ട്.

തമിഴ്നാട്ടിലും അതിശക്തമായ പ്രക്ഷോഭങ്ങൾ നടന്നുവരുന്നുണ്ട്. കോയമ്പത്തൂർ, സേലം, മധുര, നാഗർകോവിൽ, കന്യാകുമാരി, ചെന്നൈ നഗരങ്ങളിൽ വൻ പ്രതിഷേധറാലികൾ നടക്കുകയുണ്ടായി. തമിഴ്നാടിനെ മറ്റൊരു നിലയ്ക്ക് കൂടി ഈ നിയമം ബാധിക്കുന്നുണ്ട്. സംസ്ഥാനത്തേക്ക് ശ്രീലങ്കയിൽ

നിന്നും വിവിധ കാലങ്ങളിൽ കടന്നുവന്ന അഭയാർ ഥികൾക്ക് ഈ നിയമം പരിരക്ഷ നൽകുന്നില്ല എന്നതാണത്. നിയമസഭയിലെ പ്രതിപക്ഷ കക്ഷിയായ ഡി.എം.കെയുടെ നേതൃത്വത്തിലാണ് സമര പരിപാടികൾ മുന്നോട്ട് പോകുന്നത്. നിയമസഭ വിളിച്ചുചേർത്ത് കേരളം നടപ്പാക്കിയത് പോലെ പ്രമേയം പാസ്സാക്കണമെന്നു സ്റ്റാലിൻ ആവശ്യപ്പെട്ടു കഴിഞ്ഞു. മദ്രാസ് ഐ.ഐ.ടിയും മദ്രാസ് യൂണിവേഴ്സിറ്റിയും തെന്നിന്ത്യൻ സിനിമാ ലോകമടക്കമുള്ള സാഹിത്യ സാംസ്കാരിക നായകന്മാരും ഈ നിയമത്തിനെതിരെ ശക്തമായ നിലപാടെടുക്കുകയുണ്ടായി.

കർണാടകയിലെ ബംഗളുരു രാജ്യം ശ്രദ്ധിക്കുന്ന പ്രതിഷേധ സമരങ്ങൾക്ക് വേദിയായി. രാമചന്ദ്ര ഗുഹ അടക്കമുള്ള ചരിത്ര പണ്ഡിതന്മാർ അവിടെ അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. മംഗളൂരു നഗരത്തിൽ വളരെ സമാധാനപൂർണമായ, കുറഞ്ഞ ആളുകൾ മാത്രം പങ്കെടുത്ത പ്രതിഷേധ സമരത്തിനെതിരെ ബോധപൂർവം പൊലീസിന്റെ ഭാഗത്തു നിന്നും വെടിവെപ്പ് ഉണ്ടാവുകയും രണ്ടു പേർ ദാരുണമായി മരണപ്പെടുകയും ചെയ്തത് ഈ ജനാധിപത്യ സമരത്തിന്റെ സങ്കടമാണ്. മൈസൂരു, ഷിമോഗ, ബെല്ലാരി, ബിതാർ, ഗുൽബർഗ, കൊടക്, ഉഡുപ്പി, റൈശൂർ, ഷെന്താണൂർ തുടങ്ങിയ ഒട്ടനേകം പട്ടണങ്ങളിലും ജില്ലകളിലും പ്രതിഷേധ സമരങ്ങൾ നടക്കുകയുണ്ടായി.

രാഷ്ട്രീയ രംഗത്ത് കോൺഗ്രസ്സിന്റെ മുൻഅധ്യക്ഷൻ കൂടിയായ രാഹുൽഗാന്ധിയും കോൺഗ്രസ്സ് ജനറൽ സെക്രട്ടറി പ്രിയങ്കഗാന്ധിയും കോൺഗ്രസ് അധ്യക്ഷ സോണിയഗാന്ധിയും സമരങ്ങൾക്ക് പലപ്പോഴും നേതൃത്വം നൽകി മുന്നോട്ട് വന്നു. രാജ്യസഭയിൽ മുതിർന്ന കോൺഗ്രസ്സ് നേതാവും നിയമജ്ഞനുമായ കപിൽ സിബൽ ആഭ്യന്തര മന്ത്രിയുടെ മുഖത്ത് നോക്കി ചോദിച്ചു; നിങ്ങൾ ആരെയാണ് ഭയപ്പെടുത്തുന്നത്, നിങ്ങൾ മുസൽമാന്മാരെ ഭയപെടുത്താനാണ് ശ്രമിക്കുന്നതെങ്കിൽ അവർ ഒരു തരിമ്പും നിങ്ങളെ ഭയപ്പെടുന്നില്ല, കാരണം തീക്ഷ്ണമായ സ്വാതന്ത്ര്യ സമരപോരാട്ടങ്ങളുടെ ചരിത്ര പാരമ്പര്യമുള്ളവരാണവർ എന്ന്.

ഈ വൈവിധ്യങ്ങളുടെ രാജ്യത്തെ നിങ്ങൾ രണ്ടു ദിനോസറുകൾ ഭരിക്കുന്ന ഒരു ജുറാസിക് പാർക്കാക്കി മാറ്റാനാണോ നിങ്ങൾ ശ്രമിക്കുന്നതെന്ന, രാജ്യം ശ്രദ്ധിച്ച ചോദ്യവും കപിൽ സിബൽ ഉയർത്തുകയുണ്ടായി.

ഇന്ത്യാഗേറ്റിൽ സംഘടിപ്പിച്ച സമരത്തിൽ വെച്ച് കപിൽസിബൽ പ്രധാനമന്ത്രിയെ സംവാദത്തിനു വെല്ലുവിളിച്ചെങ്കിലും നിരന്തരം 'മൻ കി ബാത്തു'കളുമായി പ്രത്യക്ഷപ്പെടുന്ന മോഡി അത് കേട്ടതായി നടിക്കുക പോലുമുണ്ടായില്ല.

ഇന്ത്യയിലെ പ്രഗത്ഭരായ എഴുത്തുകാരിൽ പെട്ട, പലപ്പോഴും ബി.ജെ.പിക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളവരും ബി.ജെ.പിക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളവരുമായവർ ഈ സമര മുഖത്ത് ഒരുമിച്ച് വന്നുവെന്നതും ഏറെ പ്രതീക്ഷാ നിർഭരമാണ്. അരുന്ധതി റോയ് ഇന്ത്യയും ലോകവും ശ്രദ്ധിക്കുന്ന എഴുത്തുകാരിയാണ്. ബി.ജെ.പിയുടെ വർഗീയ അജണ്ടകൾക്കെതിരെ എക്കാലവും നിലകൊണ്ടിട്ടുള്ള എഴുത്തുകാരി കൂടിയായ അവർ പോരാട്ടത്തിന്റെ വേദിയിൽ സമരഭടന്മാർക്കൊപ്പം ഡൽഹിയിലെ തണുത്തു വിറച്ച രാത്രികളിൽ കൂടെ നിൽക്കുകയും രാജ്യത്തോട് ആവർത്തിച്ചാവർത്തിച്ച് ഇത് ഫാസിസത്തിനെതിരെയുള്ള അവസാന യുദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ബി.ജെ.പിക്ക് അനുകൂലമായി നിലപാടെടുത്തിട്ടുള്ള ന്യൂജനറേഷൻ എഴുത്തുകാരിലെ ശ്രദ്ധേയരായ പല എഴുത്തുകാരും ബി.ജെ.പിക്കെതിരെ ഈ വിഷയത്തിൽ നിലപാടെടുത്തു എന്നത് ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനായിരുന്ന സൗരവ് ഗാംഗുലിയുടെ മകൾ ഈ നിയമം തെറ്റാണെന്ന് പറഞ്ഞു പ്ലക്കാർഡ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യുകയുണ്ടായി. പിതാവ് തന്റെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമെന്ന് ഭയന്ന് അത് പിൻവലിപ്പിച്ചുവെങ്കിലും മകളുടെ പ്രസ്താവന ലോകത്തിനു മുൻപിൽ തെളിഞ്ഞു നിന്നു. ചരിത്രകാരനായ രാമചന്ദ്രഗുഹയും ലോകപ്രസിദ്ധ ചരിത്രകാരനായ പ്രൊഫസർ ഇർഫാൻ ഹബീബും ജെ.എൻ.യുവിലെയും ജാമിഅ മില്ലിയ്യയിലെയും പ്രൊഫസർമാരും, ജാമിഅയുടെ വൈസ്ചാൻസിലറും അലിഗഢ് യൂണിവേഴ്സിറ്റിയിലെ അധ്യാപകരും ഈ നിയമത്തിനെതിരെ രാഷ്ട്രം ഒന്നിക്കണമെന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.

മതേതര ചേരി പ്രതീക്ഷയിൽ തന്നെയാണ്. 'ചരിത്രം മറന്നവരെ ചരിത്രം ശിക്ഷിക്കും' എന്ന, നാസി ജർമനിയുടെ ഉള്ളുകലങ്ങുന്ന ഓർമകൾക്കു മുന്നിൽ എഴുതി വെച്ച വാചകങ്ങൾ സത്യമായി പുലരുമെന്ന പ്രതീക്ഷയിൽ ഈ സമരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു, വിജയിക്കേണ്ടിയിരിക്കുന്നു.

അബൂഹംദാൻ, ആലത്തിയൂർ
mail@nerpatham.com

ലേഖനം




# ജീവിതത്തിലെ ബാക്ക് പേപ്പറുകൾ

ഏതാനും ആഴ്ചകൾക്ക് മുമ്പ് ഒൻപത് വർഷത്തോളം താമസിച്ച ഫ്ളാറ്റിൽനിന്ന് പുതിയ ഒന്നിലേക്ക് മാറി. ഫ്ളാറ്റ് മാറലുമായി ബന്ധപ്പെട്ട് എന്റെ ചിന്തകളെ തൊട്ടുണർത്തിയ ഒരു അനുഭവം ഉണ്ടായി. ആ അനുഭവമാണ് നിങ്ങളുമായി പങ്കുവയ്ക്കുന്നത്; ഉപകാരപ്പെടും എന്ന സദുദ്ദേശ്യത്തോടെ.

പുതിയ ഫ്ളാറ്റിലെ ജനൽകർട്ടനുകൾ സ്ഥാപിക്കുന്നതിനായി അറബിയിൽ 'മഫ്റൂഷാത്ത്' എന്ന് വിളിക്കപ്പെടുന്ന, തൊട്ടടുത്ത ഫർണിച്ചർ മാർക്കറ്റിൽ പോയി. ഒറ്റനോട്ടത്തിൽ മര്യാദക്കാരൻ എന്ന് തോന്നിയ, ഒരു തമിഴ് സഹോദരനോട് ജോലിയെ കുറിച്ച് സംസാരിച്ച്, പണിക്കൂലിയുടെ വിഷയത്തിൽ ധാരണ ഉണ്ടാക്കി. ഉടനെ തന്നെ എന്റെ വണ്ടിയുടെ പിറകെ അദ്ദേഹമെത്തി ജോലി തുടങ്ങി.

ജോലിക്ക് വരുന്ന ഇത്തരം സഹോദരങ്ങളെ പരിചയപ്പെടലും അവരുടെ നാട്, വീട്, കുടുംബ വിശേഷങ്ങൾ തുടങ്ങിയവ ചോദിച്ചറിയലും പൊതുവെ എല്ലാവരും ചെയ്യുന്നതാണ്. അത് എ

ന്റെയും ഒരു ശീലമാണ്. ആ യുവാവിനെ പരിചയപ്പെട്ടു. തമിഴ്നാട് ചെങ്കോട്ട സ്വദേശിയായ അലി എന്ന് പേരുള്ള ആ ഇരുപത്തിനാല് വയസ്സുകാരൻ ഹൃദ്യമായി സംസാരിക്കാൻ കഴിവുള്ളവനായിരുന്നു. സംസാരത്തിനിടയിലും അവൻ ചടുലമായി ജോലി ചെയ്യുന്നു. സംസാരത്തിനിടയ്ക്കെപ്പോഴോ ഞാൻ എഞ്ചിനീയർ ആണെന്ന് പറഞ്ഞപ്പോൾ, താനും ഒരു മെക്കാനിക്കൽ എഞ്ചിനീയർ ആണെന്ന സത്യം അവൻ വെളിപ്പെടുത്തി. എനിക്ക് കൗതുകമായി. 'ഏത് കോഴ്സാണ്?' എന്നായി ഞാൻ. സാക്ഷാൽ ബാച്ചിലർ ഓഫ് എഞ്ചിനീയറിങ് (ബി.ഇ) തന്നെ എന്ന് അലി വെളിപ്പെടുത്തി. 'പിന്നെ എന്തിന് ഈ ജോലി ചെയ്യുന്നു?' ഞാൻ. 'ഇക്കാ, ചില ബാക്ക് പേപ്പറുകൾ ബാക്കിയുണ്ട്' അലി പറഞ്ഞു.

എനിക്ക് കൗതുകമായി. എഞ്ചിനീയറിങ് കഴിഞ്ഞ് എം.ബി.ബി.എസ് പഠിച്ച മലപ്പുറത്തുകാരൻ ഡോക്ടറും, എം.ബി.ബി.എസ് കഴിഞ്ഞ് ഇന്റീരിയർ ഡിസൈൻ ചെയ്യുന്ന ചാവക്കാട്ടുകാരൻ ഡോക്ടറും എന്റെ സുഹൃത്തുക്കളാണ്. പക്ഷേ, എഞ്ചിനീയറിങ് കഴിഞ്ഞ് കർട്ടൻ പണി ചെയ്യുന്ന ഒരാളെ എനിക്ക് എന്തോ ഉൾകൊള്ളാൻ സാധിച്ചില്ല. ഞാൻ വീണ്ടും ചോദിച്ചു: 'അലി എന്ത് കൊണ്ട് ബാക്ക് പേപ്പറുകൾ എഴുതിയെടുത്തില്ല?' കുടുംബത്തിലെ പ്രാരാബ്ധമോ സാമ്പത്തിക പ്രയാസങ്ങളോ ആയിരിക്കും പറയാനുണ്ടാവുക എന്ന് പ്രതീക്ഷിച്ചു ഞാൻ. എന്നാൽ അലിയുടെ മറുപടി അതൊന്നുമായിരുന്നില്ല.

'എന്റെ കൂടെ കോഴ്സ് പൂർത്തിയാക്കി പാസ്സായ സുഹൃത്തുക്കൾക്ക് സൗദിയിൽ ആദ്യ ജോലിക്ക് കിട്ടിയ ശമ്പളം 2500 റിയാൽ ആണ്. ഞാൻ ഈ ജോലിയിൽ നിന്നും എന്റെ പിക്ക് അപ്പ് ടാക്സി വഴിയും മാസം 5000 റിയാൽ ഉണ്ടാക്കുന്നു' വളരെ വലിയ ഒരു സമർഥനാണ് ഞാൻ എന്ന ഭാവത്തിലായിരുന്നു അലിയുടെ സംസാരം.

എനിക്ക് സത്യത്തിൽ സഹതാപം തോന്നി. ഈ യുവാവിന് ഇവൻ പഠിച്ച കോഴ്സിന്റെ വിലയും അത് പൂർത്തിയാക്കി ഏതാനും വർഷത്തെ എക്സ്പീരിയൻസ് ആവുമ്പോൾ ലഭിക്കുന്ന ശമ്പളവും സൗകര്യങ്ങളും സോഷ്യൽ സ്റ്റാറ്റസും എന്തെന്ന് ബോധ്യമില്ല. ലോകപ്രശസ്ത പ്രൊജെക്റ്റുകളിൽ പങ്കാളിയാവാനും തന്റെ സാങ്കേതിക കഴിവുകൾ ലോകത്തിന് സംഭാവന ചെയ്യാനുമുള്ള എത്ര വലിയ അവസരമാണ് ഈ യുവാവ് കളഞ്ഞുകുളിച്ചത് എന്നായി എന്റെ ചിന്ത. ഇത് എങ്ങനെ ഈ യുവാവിനെ പറഞ്ഞു മനസ്സിലാക്കും എന്ന ആകുലതയിൽ ഞാൻ അവനോട് പല ഉദാഹരണങ്ങളും അനുഭവങ്ങളും പറഞ്ഞ് നഷ്ടപ്പെട്ട പേപ്പറുകൾ എഴുതിയെടുക്കണം എന്ന് ബോധ്യപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, പട്ടണത്തിന് പുറത്തേക്ക് ഒരു ദീർഘദൂര ട്രിപ്പ് കിട്ടിയ ആഹ്ലാദത്തിൽ ധൃതിയിൽ ജോലി ചെയ്ത് പൂർത്തിയാക്കിയ അലി അത് എത്രമാത്രം ഉൾക്കൊണ്ടു എന്ന് എനിക്ക് ആശങ്കയുണ്ട്. ജോലി കഴിഞ്ഞയുടൻ പറഞ്ഞുറപ്പിച്ച പണം വാങ്ങി അവൻ പോകുമ്പോൾ ഒരിക്കൽ കൂടി ഞാൻ സഹോദര ബുദ്ധ്യാ ഉപദേശിച്ചു: 'അടുത്ത വെക്കേഷന് നാട്ടിൽ പോകുന്നത് ബാക്ക് പേപ്പറുകൾ എഴുതിയെടുക്കാനുള്ള തയ്യാറെടുപ്പോടെ യാകണം.' എന്നാൽ അലക്ഷ്യമായ ഒരു മൂളൽ മാത്രമായിരുന്നു അതിനുള്ള മറുപടി. ഞാൻ കൊടുത്തറിയാലുകൾ പോക്കറ്റിൽ തിരുകി തന്റെ പഴയ നിസ്സാൻ പിക്കപ്പ് ഏതോ ഒരു സ്പോർട്സ് വാഹനം ഓടിക്കുന്ന രീതിയിൽ വളച്ച് പുളച്ച് ഏതോ ഒരു തമിഴ്പാട്ട് വലിയ ശബ്ദത്തിൽ വെച്ച് അലി എന്റെ മുന്നിൽ നിന്നും മറഞ്ഞു.



അലി എന്നിൽ ഒരുപാട് ചിന്തകളുടെ മാലപ്പടക്കം തന്നെ സൃഷ്ടിച്ചു. നമ്മുടെ എഞ്ചിനീറിയറിങ് വിദ്യാഭ്യാസ രംഗത്തെ അക്കാദമികവും പ്രായോഗികവുമായ നിലവാരത്തകർച്ചയും ദീർഘവീക്ഷണക്കുറവും പരിമിതികളും. പക്ഷേ, ഇതിനെക്കാൾ കൂടുതൽ എന്നെ ആശങ്കാകുലനാക്കിയത് എന്റെ സ്വന്തം ജീവിതത്തിൽ ഞാൻ ഒരു അലിയെ കണ്ടെത്തി എന്നതാണ്. അതെ നാം എല്ലാവരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അലിമാർ ആണ് എന്നതാണ് സത്യം

വളരെ ഉന്നതമായ ഒരു സർവകലാശാല (MIT, Oxford, Cambdidge, Stanford, Hardvard, IIT, IIM etc). അവിടെ പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിച്ച ഉടൻ വമ്പൻ കമ്പനികൾ വലിയ ശമ്പളത്തിൽ ജോലി, ആഡംബര കാർ, ആഡംബര ബംഗ്ളാവ്, ഡ്രൈവർ, വീട്ടുജോലിക്കാർ, സമ്പൂർണ ചികിത്സ, ഇന്റർനാഷണൽ ടൂർ തുടങ്ങിയ വമ്പൻ വാഗ്ദാനങ്ങളുമായി മൾട്ടി നാഷണൽ കമ്പനികൾ റാഞ്ചി കൊണ്ടുപോകുന്നു. ഇത്തരത്തിൽ പ്രശസ്തവും പ്രാഗത്ഭ്യം തെളിയിച്ചതുമായ സ്ഥാപനമാണെങ്കിലും അവിടെ അഡ്മിഷൻ കിട്ടി എന്നത് കൊണ്ട് മാത്രം ഈ പദവിയും നേട്ടവും ലഭിക്കില്ല, കോഴ്സ് പൂർണമായ രൂപത്തിൽ പൂർത്തിയാക്കിയവർക്ക് മാത്രമാണ് ഇത്രയും ഉന്നതമായ സൗകര്യങ്ങളോടെയുള്ള ജോലി ലഭിക്കുക. എല്ലാ സെമസ്റ്റർ പരീക്ഷകളും പാസ്സാകണം. അസൈൻമെന്റുകൾ പൂർത്തിയാക്കണം.പ്രാക്ടിക്കൽ പരിശീലനം, ലാബ് പരീക്ഷണ പഠനങ്ങൾ, പ്രൊജക്റ്റ് വർക്കുകൾ എന്നിവയെല്ലാം പൂർത്തിയാക്കണം.

അവിടെ അഡ്മിഷൻ കിട്ടിയ വിദ്യാർഥികൾക്ക് പഠനം സൗജന്യമാണ്. പക്ഷേ, താമസ ചെലവുകൾ കണ്ടെത്താൻ വിദ്യാർഥികളെ പാർട്ട് ടൈം ജോലി ചെയ്യാൻ അനുവദിക്കുന്നു. എന്നാൽ ചില വിദ്യാർഥികൾ ഈ പാർട്ട് ടൈം ജോലിയിൽ സദാ ശ്രദ്ധകേന്ദ്രീകരിച്ച്, പഠനം അവതാളത്തിലാക്കുന്നു. ബാക്ക് പേപ്പറുകൾ, ലാബ് ക്ലാസ്സുകൾ നഷ്ടപ്പെടുത്തുന്നു. അസൈൻമെന്റുകൾ സമയബന്ധിതമായി സമർപ്പിക്കുന്നില്ല. അങ്ങനെ മൊത്തത്തിൽ പാർട്ട് ടൈം ജോലി ചെയ്യാനാണ് താൻ ഇവിടെ വന്നത് എന്ന രീതിയിൽ ജീവിക്കുന്ന ഒരു വിദ്യാർഥിയെ കുറിച്ച് നാം എന്ത് പറയും? പമ്പര വിഡ്ഢി, ഭോഷൻ, അവിവേകി എന്നൊക്കെയാകും.

> **നമ്മെ ജീവിത പരീക്ഷയിൽ വിജയിപ്പിക്കുവാൻ വേണ്ടി അല്ലാഹു ഒത്തിരി ഗ്രേസ് മാർക്കുകൾക്കുള്ള അവസരങ്ങൾ ഒരുക്കിത്തന്നിട്ടുണ്ട്. ഓരോ വർഷവും റമദാനിൽ ഒരു പുണ്യരാത്രിയുണ്ട്; ലൈലത്തുൽ ക്വദ്ർ. ആയിരം മാസങ്ങളെക്കാൾ പുണ്യമാക്കപ്പെട്ട രാത്രി. ഒറ്റ രാത്രികൊണ്ട് ആയിരം മാസം പ്രവർത്തിച്ച പുണ്യങ്ങൾ നേടിയെടുക്കാനുള്ള അവസരം. പാപങ്ങൾ നിമിത്തം വന്ന നഷ്ടങ്ങൾ പരിഹരിക്കാൻ അവസരമായി തൗബ അഥവാ പശ്ചാത്താപത്തിന്റെ കവാടം തുറന്നുതന്നിരിക്കുന്നു. വന്നുപോയ തെറ്റുകളിൽനിന്ന് വിടുതി ലഭിക്കാനുള്ള വജ്രായുധം. നമ്മെ നമ്മുടെ പരിശ്രമങ്ങളിലൂടെ വിജയിപ്പിക്കുവാൻ നമ്മെ സ്നേഹിക്കുന്ന നമ്മുടെ നാഥൻ ഒരുക്കിത്തരുന്ന അവസരങ്ങൾ ഇങ്ങനെയെത്ര!**

ഇനി നമുക്ക് നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കാം. ഇസ്‌ലാം ആകുന്ന വിശുദ്ധമായ ഒരു സർവകലാശാലയിൽ പടച്ച തമ്പുരാന്റെ അനുഗ്രഹത്താൽ ജന്മനാ അഡ്മിഷൻ കിട്ടിയ മുസ്‌ലിം ജനത! ഈ ജീവിതം ഇസ്‌ലാമാകുന്ന കരിക്കുലം അനുസരിച്ച് ജീവിച്ച് വിജയകരമായി പൂർത്തീകരിച്ചാൽ മരണം സംഭവിക്കുന്ന ആ നിമിഷം മുതൽ അതിവിശിഷ്ട, സ്വർഗീയ ജീവിതത്തിന്റെ മാർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു എന്ന് വാഗ്ദാനം നൽകുന്ന മതം! ഈ ജീവിതത്തിന്റെ ലക്ഷ്യം സ്വർഗം നേടലാണ്. പക്ഷേ, ഈ ലോകത്ത് ജീവിക്കുമ്പോൾ വേണ്ട ഭൗതിക വിഭവങ്ങൾ, കുടുംബം, കുട്ടികൾ, ബന്ധുക്കൾ, മാതാപിതാക്കൾ, അയൽവാസികൾ, വീട്, ജോലി, സമ്പാദ്യം... തുടങ്ങിയവയൊന്നും അവഗണിക്കേണ്ടതില്ല. എന്നാൽ അതല്ല നമ്മുടെ ആത്യന്തിക ലക്ഷ്യം. ഇതൊരു പാർട്ട് ടൈം ജോലിയാണ്. നമ്മുടെ ലക്ഷ്യം അല്ലാഹുവിന്റെ ദീൻ അനുസരിച്ച് ഈ ലോക ജീവിതം ക്രമീകരിച്ച്, അവനെ ആരാധിച്ച്, അനുസരിച്ച്, അവൻ നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിചെയ്ത് അവന്റെ തൃപ്തി നേടുക എന്നതാണ്.

ഖേദകരമെന്ന് പറയട്ടെ; അത്യുന്നതമായ സ്വർഗജീവിതം നാളെ മരണത്തിന് ശേഷം ലഭിക്കും എ

ന്‌ലോക രക്ഷിതാവ് വാഗ്ദത്തം നൽകിയിട്ടും നാം ആ വലിയ സമ്മാനത്തിന് വേണ്ടി പ്രവർത്തിക്കാതെ ഈ താൽകാലിക പാർട്ട് ടൈം ജീവിതത്തിലെ ചെറിയ ചെറിയ നേട്ടങ്ങൾക്ക് വേണ്ടി അല്ലാഹുവിന് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ചെയ്ത് ഒടുവിൽ ബാക്ക് പേപ്പറുകൾ ഉണ്ടാകുന്നു. എന്നാൽ നമ്മെ സ്‌നേഹിക്കുന്ന നമ്മുടെ രക്ഷിതാവ് ഈ ബാക്ക് പേപ്പറുകൾ പാസ്സാവാനുള്ള വഴികളും നമുക്ക് നൽകിയിട്ടുണ്ട്.

ഓരോ ജമാഅത്ത് നമസ്‌കാരവും രണ്ട് നമസ്‌കാരങ്ങൾക്ക് ഇടയിലുള്ള ചെറുപാപങ്ങൾ പൊറുക്കപ്പെടാനും, ഓരോ ജുമുഅയും രണ്ടു വെള്ളിയാഴ്ചകൾക്കിടയിൽ വന്നുപോയ ചെറു പാപങ്ങൾ പൊറുക്കപ്പെടാനും, ഓരോ റമദാനിലെ നോമ്പും രണ്ട് റമദാനുകൾക്ക് ഇടയിൽ വന്നുപോയ ചെറു പാപങ്ങൾ പൊറുക്കപ്പെടാനും, ഓരോ ഉംറയും രണ്ട് ഉംറകൾക്കിടയിൽ വന്നുപോയ ചെറു പാപങ്ങൾ പൊറുക്കപ്പെടാനും കാരണമാക്കി. നമ്മുടെ ബാക്ക് പേപ്പറുകളിൽ വിജയം വരിക്കാൻ ഇത്തരത്തിൽ പല ഇളവുകളും അവസരങ്ങളും അല്ലാഹു ഒരുക്കിത്തന്നിരിക്കുന്നു. നമ്മുടെ ബാക്ക് പേപ്പറുകൾ (പോരായ്മകൾ, തെറ്റുകുറ്റങ്ങൾ, ചെറുപാപങ്ങൾ) പരിഹരിക്കാനുള്ള മാർഗങ്ങൾ!

പക്ഷേ, നാം ഈ അവസരങ്ങൾ ഉപയോഗപ്പെടുത്താതെ നമ്മുടെ പാർട്ട് ടൈം ജോലിയിൽ വ്യാപൃതരാണ്. വിനോദങ്ങൾ, സമ്പാദ്യ മാർഗങ്ങൾ, വീട്, വീട്ടിലെ സൗകര്യങ്ങൾ, കാർ, കാറിന്റെ ബ്രാൻഡ്, ബ്രാൻഡഡ് ഡ്രസ്സ്, ഷൂ, സോഷ്യൽ മീഡിയയിലെ പോസ്റ്റുകൾ, അതിന്റെ ലൈക്കുകൾ, അതിലെ വ്യൂവേഴ്‌സ്... അങ്ങനെയങ്ങനെ കൊച്ചുകൊച്ചു കാര്യങ്ങളെക്കുറിച്ചുള്ള ആശങ്കകളിലാണ് നാം. ആരാണ് വിഡ്ഢികൾ? ആരാണ് ബുദ്ധിശാലികൾ? വിശുദ്ധ ക്വുർആൻ പറയുന്നു:

"അന്ന് നരകം കൊണ്ടു വരപ്പെടുകയും ചെയ്താൽ! അന്നേദിവസം മനുഷ്യന് ഓർമ വരുന്നതാണ്. എവിടെനിന്നാണവന്ന് ഓർമ വരുന്നത്? അവൻ പറയും: അയ്യോ, ഞാൻ എന്റെ ജീവിതത്തിനു വേണ്ടി മുൻകൂട്ടി (സൽകർമങ്ങൾ) ചെയ്തുവെച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!" (89:23,24).

നമ്മെ ജീവിത പരീക്ഷയിൽ വിജയിപ്പിക്കുവാൻ വേണ്ടി അല്ലാഹു ധാരാളം ഗ്രേസ് മാർക്കുകൾക്കുള്ള അവസരങ്ങൾ ഒരുക്കിത്തന്നിട്ടുണ്ട്. ഓരോ വർഷവും റമദാനിൽ ഒരു പുണ്യ രാത്രിയുണ്ട്; ലൈലത്തുൽ ക്വദ്ർ. ആയിരം മാസങ്ങളെക്കാൾ പുണ്യമാക്കപ്പെട്ട രാത്രി. ഒറ്റ രാത്രികൊണ്ട് ആയിരം മാസം പ്രവർത്തിച്ച പുണ്യങ്ങൾ നേടിയെടുക്കാനുള്ള അവസരം. പാപങ്ങൾ നിമിത്തം വന്ന നഷ്ടങ്ങൾ പരിഹരിക്കാൻ അവസരമായി തൗബ അഥവാ പശ്ചാത്താപത്തിന്റെ കവാടം തുറന്നുതന്നിരിക്കുന്നു. വന്നുപോയ തെറ്റുകളിൽനിന്ന് വിടുതി ലഭിക്കാനുള്ള വജ്രായുധം. നമ്മെ നമ്മുടെ പരിശ്രമങ്ങളിലൂടെ വിജയിപ്പിക്കുവാൻ നമ്മെ സ്‌നേഹിക്കുന്ന നമ്മുടെ നാഥൻ ഒരുക്കിത്തരുന്ന അവസരങ്ങൾ ഇങ്ങനെയെത്ര!

പക്ഷേ, നാം തുച്ഛമായ നേട്ടങ്ങളുണ്ടാക്കുന്ന താൽകാലിക പാർട്ട് ടൈം ജോലിയിലാണ് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ഏതാനും സെന്റ് ഭൂമിക്ക് വേണ്ടി, തുച്ഛമായ കച്ചവടം വിജയിപ്പിക്കുവാൻ, ഏതാനും മിനുട്ടുകൾ നീളുന്ന ആസ്വാദനങ്ങൾക്ക് വേണ്ടി...നാം നമ്മുടെ റബ്ബിന്റെ നിയമങ്ങളെ അവഗണിക്കുന്നു. അവന്റെ തൃപ്തിയെ അവഗണിക്കുന്നു. എന്തൊരു ദയനീയ പരാജയം! വിശുദ്ധ ക്വുർആനിലെ ഈ വചനം എത്ര വ്യക്തം: "പക്ഷേ, നിങ്ങൾ ഐഹികജീവിതത്തിന്ന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും" (87:16-17).

അതെ, നമുക്ക് ഓരോരുത്തർക്കും ബാക്ക് പേപ്പറുകൾ ഉണ്ട്. പലർക്കും പല വിഷയങ്ങളിൽ ആണെന്ന് മാത്രം. ചിലർക്ക് സാമ്പത്തിക രംഗത്ത്, മറ്റു ചിലർക്ക് ലൈംഗിക രംഗത്ത്, കുടുംബ ബന്ധങ്ങളിൽ, കടുംബ ജീവിതത്തിൽ, അയൽപക്ക ബന്ധങ്ങളിൽ, സംസാരത്തിൽ, ധനം ചെലവഴിക്കുന്ന മേഖലകളിൽ, സമയം ചെലവഴിക്കുന്നതിൽ, നമസ്‌കാരത്തിന്റെ കാര്യത്തിൽ, സമയം ചെലവഴിക്കുന്നതിൽ, ഏകാഗ്രതയോടെ ആരാധനകൾ നിർവഹിക്കുന്നതിൽ, സുന്നത്തുകൾ പാലിക്കുന്നതിൽ, വിശുദ്ധ ക്വുർആൻ പഠിക്കുന്നതിൽ... അങ്ങനെ പല സെമസ്റ്ററുകളിലും പല വിഷയങ്ങളിലും നമുക്ക് ബാക്ക് പേപ്പറുകൾ ഉണ്ട്. വൈകിയിട്ടില്ല; ഇന്ന് മുതൽ നമുക്ക് മാറാം...

നമ്മുടെ പാർട്ട് ടൈം ജോലിയിലെ ശ്രദ്ധകുറച്ച് നമ്മുടെ കോഴ്‌സ് പാസ്സാവാനുള്ള പരിശ്രമം ആരംഭിക്കാം. നമ്മുടെ രക്ഷിതാവ് നമുക്ക് അതിനായി നൽകിയ അവസരങ്ങൾ ഉപയോഗപ്പെടുത്തി പ്രവാചകൻﷺ പറഞ്ഞ പ്രകാരമുള്ള ഒരു ബുദ്ധിശാലിയും വിവേകിയും സമർഥനും ആവാം. നമുക്ക് നമ്മുടെ ബാക് പേപ്പറുകളിൽ ശ്രദ്ധകേന്ദ്രീകരിക്കാം, ജീവിതത്തിലെ ബാക്ക് പേപ്പറുകളിൽ...



മുഹമ്മദ് സ്വാദിഖ് മദീനി
mail@nerpatham.com

ലേഖനം

# ധൃതികാണിച്ച് നശിക്കരുത്

ചിന്തിച്ചും അവധാനതയോടും കൂടിയാലോചിച്ചുമുള്ള മനുഷ്യന്റെ പ്രവർത്തനങ്ങളാണ് വിജയത്തിൽ എത്തുക. ധൃതിപിടിച്ച നീക്കങ്ങളും കൂടിയാലോചിക്കാതെയുള്ള മുന്നേറ്റങ്ങളും ലക്ഷ്യപ്രാപ്തിയിൽ എത്തുകയില്ല; എന്നുമാത്രമല്ല പലപ്പോഴും അതിന്റെ പരിണിതി ദുരന്തപൂർണവുമായിരിക്കും

ധൃതി കാണിക്കുക എന്നത് മനുഷ്യസഹജമായ ഒരു സ്വഭാവമാണ്. അല്ലാഹു പറയുന്നു:

"ധൃതികൂട്ടുന്നവനായിട്ടാകുന്നു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എന്റെ ദൃഷ്ടാന്തങ്ങൾ വഴിയെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. അതിനാൽ നിങ്ങൾ എന്നോട് ധൃതികൂട്ടരുത്" (ക്വുർആൻ: 21:37).



മൂസാനബിﷺയുടെയും ഖദിറിﷺന്റെയും ചരിത്രം വിവരിക്കുന്ന ഹദീഥിൽ മൂസാനബിﷺ ധൃതിപിടിച്ചില്ലായിരുന്നുവെങ്കിൽ ഇനിയും പല കഥകളും നമുക്ക് കേൾക്കാമായിരുന്നു എന്ന് നബിﷺപറഞ്ഞതായി കാണാം.

പ്രവർത്തനങ്ങളിൽ ധൃതി പാടില്ല എന്നു പറയുമ്പോൾ ഉന്മേഷവും ഉണർവും ഊർജസ്വലതയും ഇല്ലാതെ, അലസതയോടും ബലഹീനത കാണിച്ചും മടുപ്പോടുകൂടിയും ആയിരിക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ച്, ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതിന്റെ വരുംവരായ്മകൾ എന്തെല്ലാമായിരിക്കും എന്ന് ആലോചിച്ച്, ഭംഗിയായി, ഉന്മേഷത്തോടെ നിർവഹിക്കുകയാണ് വേണ്ടത്. എടുത്തുചാട്ടവും ധൃതിപിടിച്ച നീക്കങ്ങളും ഖേദത്തിനിടയാക്കും.

പ്രവാചകനെ കാണാൻ വന്ന മുൻദിർ ഇബ്നു ഹാരിസിനോട് നബിﷺ പറഞ്ഞു: "താങ്കളിൽ ഉള്ള രണ്ട് കാര്യങ്ങൾ അല്ലാഹു ഇഷ്ടപ്പെടുന്നു; വിവേകവും സാവകാശം കാണിക്കലുമാണ് അവ."

**ആക്ഷേപകരമായ ചില ധൃതികാണിക്കൽ**

**ഒന്ന്) പ്രാർഥനയിൽ:**

ജീവിതത്തിൽ പരീക്ഷണങ്ങളും പ്രയാസങ്ങളും കടന്നുവരുമ്പോൾ അതിൽ ക്ഷമിക്കാത്ത ആളുകൾ ഒരുപക്ഷേ, തനിക്കു തന്നെയും ദോഷകരമായി ഭാവിക്കുന്ന കാര്യങ്ങളിലേക്കായിരിക്കും ഒടുവിൽ എത്തുക. നബിﷺ പറഞ്ഞു: "നിങ്ങൾ നിങ്ങൾക്കോ നിങ്ങളുടെ സമ്പത്തിനോ മക്കൾക്കോ എതിരായി പ്രാർഥിച്ചു പോകരുത്. കാരണം ഒരുപക്ഷേ, ആ പ്രാർഥന സ്വീകരിക്കപ്പെട്ടേക്കാം."

ഒരാൾക്ക് ബാധിച്ച വലിയ പരീക്ഷണത്തിൽ അയാൾ ക്ഷമിക്കുന്നതിന് പകരം മരണത്തെ ആഗ്രഹിച്ചു പോകരുത് എന്ന് നബിﷺ പ്രത്യേകമായി ഉണർത്തിയിട്ടുണ്ട്. ഏറ്റവും പ്രയാസകരമായ ഘട്ടത്തിൽ പോലും 'അല്ലാഹുവേ, എനിക്ക് ജീവിതമാണ് നല്ലത് എങ്കിൽ നീയെന്നെ ജീവിപ്പിക്കണേ, അതല്ല മരണമാണ് നല്ലത് എങ്കിൽ നീ എന്നെ മരിപ്പിക്കണേ' എന്ന് പറയാൻ മാത്രമെ ഇസ്‌ലാം അനുവാദം നൽകുന്നുള്ളൂ.

ധൃതിപിടിച്ച നീക്കങ്ങളും സമീപനങ്ങളും മനുഷ്യരോട് മാത്രമല്ല ജന്തുജാലങ്ങളോട് പോലും പലരും കാണിക്കാറുണ്ട്. ഒരു യാത്രയിൽ താൻ ഉപയോഗിക്കുന്ന മൃഗത്തെ ശപിച്ച ഒരാളെ കണ്ടപ്പോൾ നബിﷺ പറഞ്ഞു: 'നിങ്ങൾ ശപിച്ച ഈ വാഹനം ഇനി നിങ്ങൾ ഉപയോഗിക്കുകയോ ഞങ്ങളോടൊപ്പം യാത്ര തുടരുതയോ ചെയ്യരുത്.'

**രണ്ട്) ഉത്തരം പ്രതീക്ഷിക്കുന്നതിൽ:**

ഞാൻ അല്ലാഹുവിനോട് എത്രയോ തവണ പ്രാർഥിച്ചു; പക്ഷേ, എനിക്ക് ഉത്തരം ലഭിച്ചിട്ടില്ല എന്ന് പരാതിപ്പെടുന്ന ചിലരെ നമുക്ക് കാണാം. യഥാർഥത്തിൽ അത് അവർ കാണിക്കുന്ന അക്ഷമയാണ്. നബിﷺ പറഞ്ഞു: 'കുടുംബ ബന്ധം മുറിക്കുവാനോ തിന്മക്ക് വേണ്ടിയോ അല്ലാത്ത പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകും; അവൻ ധൃതി കാണിച്ചില്ലെങ്കിൽ.' സ്വഹാബിമാർ ചോദിച്ചു: 'എന്താണ് നബിയേ ധൃതി കാണിക്കുക എന്നാൽ?' നബിﷺ പറഞ്ഞു: 'ഒരാൾ പറയും: ഞാൻ ധാരാളം പ്രാർഥിച്ചു; പക്ഷേ, എനിക്ക് ഉത്തരം ലഭിച്ചിട്ടില്ല' എന്ന്. അങ്ങനെ നിരാശനായി പ്രാർഥന തന്നെ അവൻ ഒഴിവാക്കുകയും ചെയ്യും.'

ഒരു അടിമയുടെ പ്രാർഥന അല്ലാഹു മൂന്ന് രൂപത്തിലാണ് സ്വീകരിക്കുക. ഒന്നുകിൽ ആ പ്രാർഥനക്ക് ഉടൻ തന്നെ ഉത്തരം ലഭിക്കും. അല്ലെങ്കിൽ അതിനെക്കാൾ വലിയ ഒരു പ്രയാസം അല്ലാഹു അവനിൽ നിന്നും അകറ്റും. അതുമല്ലെങ്കിൽ നാളെ പരലോകത്തേക്ക് ആ പ്രാർഥന അല്ലാഹു സൂക്ഷിച്ചുവെക്കും. അതുകൊണ്ടുതന്നെ പ്രാർഥനകൾക്ക് ഉത്തരം കിട്ടുവാൻ ധൃതി കാണിക്കുവാനോ നിരാശരാകുവാനോ പാടില്ല.

**മൂന്ന്) നമസ്കാരത്തിൽ:**

സ്രഷ്ടാവായ അല്ലാഹുവുമായുള്ള മനുഷ്യന്റെ രഹസ്യസംഭാഷണമാണ് നമസ്കാരം. അതുകൊണ്ട് തന്നെ ബാഹ്യമായ അവന്റെ പ്രവർത്തനങ്ങളോടൊപ്പം അല്ലാഹു തന്നെ കാണുന്നു എന്ന ബോധത്തോടുകൂടി, ഭയഭക്തിയോടെയാകണം അത് നിർവഹിക്കേണ്ടത്. നമസ്കാരത്തിലെ പ്രാർഥനകളും ദിക്റുകളും ചലനങ്ങളും അടക്കത്തോടും ഒതുക്കത്തോടും സാവകാശവുമാണ് നിർവഹിക്കേണ്ടത്. അവയിൽ ധൃതി കാണിക്കുവാൻ പാടില്ല. എന്നാൽ ഇന്ന് പലരുടെയും നമസ്കാരം ഈ പറഞ്ഞ രൂപത്തിലല്ല എന്ന് കാണുവാൻ സാധിക്കും. പ്രവാചകൻ ﷺ ഒരിക്കൽ ധൃതിയിൽ നമസ്കരിച്ച ഒരാളോട് മൂന്നു തവണയാണ് മടക്കി നിർവഹിക്കുവാൻ ആവശ്യപ്പെട്ടത്! അത് നമസ്കാരമായിട്ടില്ല എന്നാണ് നബി ﷺ പറഞ്ഞത്. ഇതിലപ്പുറം നന്നായി നമസ്കരിക്കുവാൻ എനിക്ക് അറിയില്ല എന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ നബി ﷺ അദ്ദേഹത്തിന് നമസ്കാര രൂപം ഓരോരോന്നോരോന്നായി പഠിപ്പിച്ചു കൊടുത്തു. ഓരോ കർമത്തിലും അടക്കവും ഒതുക്കവും ശാന്തതയും വേണമെന്ന് പ്രത്യേകമായി പറഞ്ഞുകൊടുത്തു. 'കോഴി ധാന്യം കൊത്തുന്നത് പോലെ' ധൃതിയിൽ നമസ്കരിക്കരുത് എന്ന് നബി ﷺ പറഞ്ഞതായി കാണാം.

**നാല്) വ്യാജ വാർത്തകൾ സ്വീകരിക്കുന്നതിൽ:**

ഒരു കാര്യത്തിന്റെ നിജസ്ഥിതി അറിയുന്നതിനു മുമ്പേ അതിനെ സംബന്ധിച്ച് മുൻധാരണയിലെത്തി അത് പ്രചരിപ്പിക്കുന്നതും ധൃതിപിടിച്ച പ്രവർത്തനം തന്നെയാണ്. തനിക്ക് ലഭിക്കുന്ന ഒരു വാർത്തയുടെ ന്യായാന്യായവും സത്യതയും പരിശോധിക്കാതെ അത് പ്രചരിപ്പിക്കുന്നത് വലിയ ആപത്ത് തന്നെയാണ്. ഇത്തരം ധൃതിപിടിച്ച നീക്കങ്ങൾ പലവിധ കഷ്ടനഷ്ടങ്ങൾക്ക് കാരണമായിത്തീരാറുണ്ട്. വാട്സാപ്പിലൂടെയും ഫേസ്ബുക്കിലൂടെയും പലരും വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നത് നമുക്കറിയാം. അത്തരം വാർത്തകളുടെ ഉറവിടവും സത്യതയും പരിശോധിക്കാതെ ധൃതിപിടിച്ച് ഫോർവേഡ് ചെയ്യുമ്പോൾ വരാനിരിക്കുന്ന ആപത്ത് പലരും ആലോചിക്കാതെ പോകുന്നു. എറിഞ്ഞ കല്ല് തിരിച്ചെടുക്കാൻ കഴിയാത്ത പോലെ വ്യാജവാർത്തകൾ പിന്നീട് തിരിച്ചെടുക്കാൻ കഴിയില്ല. നമ്മൾ തിരുത്തുമ്പോഴേക്കും അത് പടർന്നുപിടിച്ചിട്ടുണ്ടാകും. അത് കേട്ടവരിൽ അധികമാളുകളും പിന്നീടുള്ള തിരുത്ത് കേൾക്കാതിരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ



**ഒരു കാര്യത്തിന്റെ നിജസ്ഥിതി അറിയുന്നതിനു മുമ്പേ അതിനെ സംബന്ധിച്ച് മുൻധാരണയിലെത്തി അത് പ്രചരിപ്പിക്കുന്നതും ധൃതിപിടിച്ച പ്രവർത്തനം തന്നെയാണ്. തനിക്ക് ലഭിക്കുന്ന ഒരു വാർത്തയുടെ ന്യായാന്യായവും സത്യതയും പരിശോധിക്കാതെ അത് പ്രചരിപ്പിക്കുന്നത് വലിയ ആപത്ത് തന്നെയാണ്. ഇത്തരം ധൃതിപിടിച്ച നീക്കങ്ങൾ പലവിധ കഷ്ടനഷ്ടങ്ങൾക്ക് കാരണമായിത്തീരാറുണ്ട്. വാട്സാപ്പിലൂടെയും ഫേസ്ബുക്കിലൂടെയും പലരും വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നത് നമുക്കറിയാം. അത്തരം വാർത്തകളുടെ ഉറവിടവും സത്യതയും പരിശോധിക്കാതെ ധൃതിപിടിച്ച് ഫോർവേഡ് ചെയ്യുമ്പോൾ വരാനിരിക്കുന്ന ആപത്ത് പലരും ആലോചിക്കാതെ പോകുന്നു. എറിഞ്ഞ കല്ല് തിരിച്ചെടുക്കാൻ കഴിയാത്ത പോലെ വ്യാജവാർത്തകൾ പിന്നീട് തിരിച്ചെടുക്കാൻ കഴിയില്ല. നമ്മൾ തിരുത്തുമ്പോഴേക്കും അത് പടർന്നുപിടിച്ചിട്ടുണ്ടാകും. അത് കേട്ടവരിൽ അധികമാളുകളും പിന്നീടുള്ള തിരുത്ത് കേൾക്കാതിരിക്കുകയും ചെയ്യും.**

ആപത്തുവരുത്തുകയും എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി" (ക്വുർആൻ 49:6).

ദമ്പതികൾ തമ്മിലുള്ള കലഹങ്ങളുടെ പ്രധാനപ്പെട്ട ഒരു കാരണം പലപ്പോഴും അവരിൽ നിന്നും ഉടലെടുക്കുന്ന ധൃതിപിടിച്ച നീക്കങ്ങളായിരിക്കും. പെട്ടെന്നുള്ള പ്രതികരണങ്ങളും വിമർശനങ്ങളും പരസ്പരം അകലം വർധിപ്പിക്കും. വിവാഹമോചനത്തിലേക്കുവരെ അത് കൊണ്ടെത്തിച്ചേക്കാം.

ഉപജീവനമാർഗം വിശാലമാക്കാൻ പലരും ഇന്ന് നടത്തുന്നത് ധൃതിപ്പെട്ട നീക്കങ്ങളാണ്. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ പണം ലഭിക്കുവാൻ വഴി തേടുന്നു. നിഷിദ്ധമായ മാർഗങ്ങളിലൂടെ പണം സമ്പാദിക്കുന്നു. പലിശയും കൈക്കൂലിയും വിലക്കപ്പെട്ട വ്യവഹാരങ്ങളും അവന്റെ മുന്നിൽ അനുവദനീയമായി മാറുന്നു.

മുസ്‌ലിം സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പണ്ഡിതന്മാരും നേതാക്കളും തീരുമാനമെടുക്കുന്നതിനു മുമ്പായി സ്വന്തം അഭിപ്രായ പ്രകാരം എടുത്തുചാടുകയും വികാരപ്രകടനങ്ങൾ നടത്തുകയും ചെയ്യുന്ന ചിലരുണ്ട്. ഇത് പലപ്പോഴും സമുദായത്തിന് ചീത്തപ്പേര് മാത്രമെ സമ്മാനിക്കുകയുള്ളൂ. അല്ലാഹു പറയുന്നു

"സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെ അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ നിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു"(ക്വുർആൻ 4:83).

പൊതുവെ എല്ലാ കാര്യങ്ങളിലും അവധാനത കാണിക്കണം എന്നാണ് സൂചിപ്പിച്ചത്. എന്നാൽ ചില കാര്യങ്ങളിലൊക്കെ അൽപം ധൃതികാണിക്കൽ നല്ലതാണ്. തെറ്റ് ചെയ്തുപോയ മനുഷ്യൻ പശ്ചാത്തപിക്കുവാനും അല്ലാഹുവിലേക്ക് അടുക്കുവാനും ഒരിക്കലും അമാന്തം കാണിക്കാൻ പാടില്ല. അല്ലാഹു പറയുന്നു:

"പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹു ബാധ്യത ഏറ്റിട്ടുള്ളത് അറിവുകേട് നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് താമസിയാതെ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു" (ക്വുർആൻ 4:17).

അതുപോലെ മനുഷ്യരുമായി സാമ്പത്തികമോ മറ്റോ ആയ വല്ല ബാധ്യതകളും തീർക്കാൻ ഉണ്ടെങ്കിൽ അത് പിന്നെ ആകാമെന്ന ചിന്തയോടെ മനഃപൂർവം നീട്ടിവെക്കുവാൻ പാടില്ല. മരണപ്പെട്ട വ്യക്തിയുടെ ജനാസ സംസ്‌കരിക്കുന്നതിലും ധൃതികാണിക്കുവാൻ കൽപനയുണ്ട്. മയ്യിത്ത് മറവുചെയ്യാതെ അനാവശ്യമായി വെച്ചുകൊണ്ടിരിക്കുവാൻ പാടില്ല.

പരിശുദ്ധ ഹജ്ജ് നിർവഹിക്കാനുള്ള സാമ്പത്തികവും ശാരീരികവും കുടുംബപരവുമായ സൗകര്യങ്ങൾ ഒത്തിണങ്ങിവന്നിട്ടും വാർധക്യമെത്തിയിട്ടാകാമെന്നോ മറ്റോ പറഞ്ഞ് നീട്ടിവെക്കുന്നതും നല്ലതല്ല. നോമ്പ് തുറക്കാൻ സമയമായിക്കഴിഞ്ഞാൽ സ്വൽപം കൂടി കഴിയട്ടെ എന്ന ചിന്തയും ശരിയല്ല.

## സ്‌കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്‌കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽ ഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്‌കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 2



# ചങ്ങാത്തം

ഹൃദയം ഇണങ്ങിയുള്ള ചങ്ങാത്തവും ഐക്യത്തോടു കൂടിയുള്ള ഒത്തുകൂടലും ഇസ്‌ലാം ഏറെ പ്രോത്സാഹിപ്പിച്ച സ്വഭാവമാണ്. വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നത് നോക്കൂ:

"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്" (ക്വുർആൻ 3:103).

പരസ്പര കലഹത്തിലും കലാപത്തിലും കൊലപാതകങ്ങളിലും കാലംകഴിച്ചിരുന്ന ജാഹിലീ അറബികളെ ഇസ്‌ലാമിലൂടെ ഇണക്കുകയും അവരെ പരസ്പരം വിളക്കിച്ചേർക്കുകയും ചെയ്തത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമായാണ് വിശുദ്ധക്വുർആൻ എടുത്ത് പറയുന്നത്:

"നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു" (3:103).

"ഇനി അവർ നിന്നെ വഞ്ചിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം തീർച്ചയായും നിനക്ക് അല്ലാഹു മതി. അവനാണ് അവന്റെ സഹായം മുഖേനയും വിശ്വാസികൾ മുഖേനയും നിനക്ക് പിൻബലം നൽകിയവൻ. അവരുടെ (വിശ്വാസികളുടെ) ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിച്ചേർക്കാൻ നിനക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിൽ ഇണക്കിച്ചേർത്തിരിക്കുന്നു.തീർച്ചയായും അവൻ പ്രതാപിയും യുക്തിമാനുമാകുന്നു" (8:62,63.)

പാരസ്പര്യത്തിലും ഒത്തൊരുമയിലും ചങ്ങാത്തത്തിലും ജീവിക്കുന്നതിന്റെ സ്ഥാനവും മഹത്ത്വവും അറിയിക്കുന്ന തിരുമൊഴികൾ ധാരാളമാണ്.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "സത്യവിശ്വാസി ഇണങ്ങുകയും ഇണക്കപ്പെടുകുകയും ചെയ്യും. ഇണങ്ങുകയും ഇണക്കപ്പെടുകയും ചെയ്യാത്തവനിൽ യാതൊരു നന്മയുമില്ല" (സുനനുദ്ദാറകുത്നി. അൽബാനി ഹസനുൻസ്വഹീഹെന്ന് വിധിച്ചത്).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "നിശ്ചയം, അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്തിരിക്കുന്നവർ പെരുമാറുവാൻ കൊള്ളുന്ന നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവക്കാരായിരിക്കും. അവർ (തങ്ങളുടെ സ്വഭാവം കൊണ്ട്) ഇണങ്ങുകയും ഇണക്കപ്പെടുകുകയും ചെയ്യുന്നവരായിരിക്കും" (ത്വബ്റാനി. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചത്).

ഇമാം സുയൂത്വി പറഞ്ഞു: "യഥാർഥ ആരാധ്യനായ അല്ലാഹുവാണെ സത്യം! ഐക്യം അനുഗ്രഹമാണ്. അനൈക്യം പീഡനവും."

അബ്ശീഹീ പറഞ്ഞു: "പരസ്പര ഐക്യം ശക്തിയുടെയും ശക്തി തക്വ്‌വയുടെയും കാരണമാകുന്നു. തക്വ്‌വയാകട്ടെ സുഭദ്രമായ കോട്ടയും സുശക്തമായ സ്തംഭവുമാകുന്നു."

ചങ്ങാത്തത്തിൽ സൂക്ഷിക്കേണ്ട ഏറ്റവും പ്രധാന വിഷയം ആരുമായി ചങ്ങാതിയാകുന്നു എന്നതാണ്. നബി(ﷺ)യുടെ ഒരു വസിയ്യത്ത് നോക്കൂ:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: "ഒരാൾ തന്റെ കൂട്ടുകാരന്റെ ആദർശത്തിനനുസരിച്ചാണ്. അതിനാൽ നിങ്ങളിലൊരാൾ ആരോടു കൂട്ടുകൂടുന്നുവെന്ന് പര്യാലോചിക്കട്ടെ" (സുനനു അബീദാവൂദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചത്).

പരലോകത്ത് ഉപകരിക്കുന്ന ചങ്ങാതിമാരുടെ വിഷയ ത്തിൽ അല്ലാഹു പറഞ്ഞു: "സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും; സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (43:67).

## ചങ്ങാത്തം കരഗതമാകുവാൻ

### ഒന്ന്: പരിചയപ്പെടുക, സഹവസിക്കുക.

നുഅ്മാൻ ഇബ്നുബശീറി(റ)ൽ നിന്ന് നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു: "പരസ്പര സ്നേഹത്തിലും വാത്സല്യത്തിലും കാരുണ്യത്തിലും മുസ്‌ലിംകളുടെ ഉപമ ഒരു ശരീരത്തിന്റെ ഉപമയാണ്. ശരീരത്തിലെ ഒരു അവയവം രോഗബാധിതമായി വേവലാതിപ്പെടുമ്പോൾ മറ്റു ശരീരാവയവങ്ങൾ പനിപിടിച്ചും ഉറക്കമൊഴിഞ്ഞും രോഗബാധിതമായ അവയവത്തിനുവേണ്ടി പരസ്പരം നിലകൊള്ളും" (മുസ്‌ലിം).

### രണ്ട്: അന്യോന്യം വിനയം കാണിക്കുക

ഇയാദ് ഇബ്നുഹിമാരി(റ)ൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: "നിങ്ങളിൽ ഒരാളും ഒരാളോടും ഗർവ് കാണിക്കാതിരിക്കുകയും ഒരാളും ഒരാളുടെ മേലും അതിക്രമം കാണിക്കാതിരിക്കുകയും ചെയ്യുവോളം നിങ്ങൾ അന്യോന്യം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്കു ബോധനം നൽകിയിരിക്കുന്നു" (മുസ്‌ലിം).



**മൂന്ന്: ബാധ്യതകൾ നിറവേറ്റുക**

അബൂഹുറയ്റ(رضي الله عنه)യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: "ഒരു മുസ്‌ലിമിനു മറ്റൊരു മുസ്‌ലിമിനോട് ബാധ്യതയായി അഞ്ച് കാര്യങ്ങളുണ്ട്. സലാം മടക്കുക, രോഗിയെ സന്ദർശിക്കുക, ജനാസയെ പിന്തുടരുക, ക്ഷണത്തിനു ഉത്തരമേകുക, തുമ്മിയവനു വേണ്ടി പ്രാർഥിക്കുക (തശ്മീത്തുചെയ്യുക)"(ബുഖാരി).

മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം: "ഒരു മുസ്‌ലിമിനു മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യതകൾ ആറാകുന്നു." ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ തിരുദൂതരേ, അവ ഏതാണ്?" നബി(ﷺ) പറഞ്ഞു: "നീ അവനെ കണ്ടുമുട്ടിയാൽ അവനോട് സലാം പറയുക. അവൻ ക്ഷണിച്ചാൽ ഉത്തരമേകുക. ഉപദേശം ആരാഞ്ഞാൽ ഉപദേശിക്കുക. അവൻ തുമ്മിയ ശേഷം അൽഹംദുലില്ലാഹ് പറഞ്ഞാൽ 'യർഹമുകല്ലാഹ്' എന്നു പറയുക. അവൻ രോഗിയായാൽ അവനെ സന്ദർശിക്കുക. അവൻ മരണപ്പെട്ടാൽ അവനെ അനുഗമിക്കുക" (മുസ്‌ലിം).

അൽബർറാഅ് ഇബ്നുആസിബി(رضي الله عنه)ൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ റസൂൽ ഏഴ് കാര്യങ്ങൾ ഞങ്ങളോടു കൽപിച്ചു. രോഗസന്ദർശനം, ജനാസയെ അനുഗമിക്കൽ, തുമ്മിയവനെ തശ്മീത്തു ചെയ്യൽ, ദുർബലനെ സഹായിക്കൽ, മർദിതനെ തുണക്കൽ, സലാം വ്യാപിപ്പിക്കൽ, സത്യം ചെയ്തതു നിറവേറ്റൽ എന്നിവയാണവ" (ബുഖാരി).

**നാല്: സലാം വ്യാപിപ്പിക്കൽ**

അബൂഹുറയ്റ(رضي الله عنه)യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം! നിങ്ങൾ വിശ്വാസികൾ ആകുന്നതുവരെ നിങ്ങളാരും സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. നിങ്ങൾ പ്രാവർത്തികമാക്കിയാൽ നിങ്ങൾക്കു പരസ്പരം സ്നേഹിക്കാവുന്ന ഒരു സംഗതി ഞാൻ അറിയിച്ചുതരട്ടെയൊ? നിങ്ങൾ നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക!" (മുസ്‌ലിം).



**അഞ്ച്: സന്ദർശനങ്ങൾ**

സന്ദർശനങ്ങൾ ഹൃദയങ്ങളെ അടുപ്പിക്കുകയും സാഹോദര്യം ഊട്ടിയുറപ്പിക്കുകയും ചെയ്യും. സന്ദർശനങ്ങൾക്കുള്ള പ്രതിഫലം മഹത്തരമാക്കിയതിലെ പൊരുളുകളിലൊന്നാണത്.

അനസി(رضي الله عنه)ൽ നിന്നും നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു: "സ്വർഗത്തിൽ നിങ്ങളുടെ ആളുകളെ ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ?" ഞങ്ങൾ പറഞ്ഞു: "അതെ. അല്ലാഹുവിന്റെ ദൂതരേ." നബി(ﷺ) പറഞ്ഞു: "...പട്ടണത്തിന്റെ ഓരത്തുള്ള തന്റെ സഹോദരനെ സന്ദർശിക്കുന്ന വ്യക്തി, അല്ലാഹുവിന്റെ മാർഗത്തിൽ മാത്രമാണ് ആ സന്ദർശനം നടത്തുന്നതെങ്കിൽ അയാളും സ്വർഗത്തിലാണ്" (ത്വബ്റാനി. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചത്).

അബൂഹുറയ്റ(رضي الله عنه)യിൽ നിന്നും നിവേദനം. നബി(ﷺ) പറഞ്ഞു: "ഒരാൾ തന്റെ ഒരു സഹോദരനെ മറ്റൊരു നാട്ടിൽ സന്ദർശിക്കുവാൻ പുറപ്പെട്ടു. അപ്പോൾ അല്ലാഹു അയാളുടെ വഴിയെ ഒരു മലക്കിനെ നിരീക്ഷിക്കാനായി അയാളിലേക്കു നിയോഗിച്ചു. മലക്ക് അയാളുടെ അടുക്കലെത്തിയപ്പോൾ ചോദിച്ചു: 'താ

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം! നിങ്ങൾ വിശ്വാസികൾ ആകുന്നതുവരെ നിങ്ങളാരും സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. നിങ്ങൾ പ്രാവർത്തികമാക്കിയാൽ നിങ്ങൾക്കു പരസ്പരം സ്നേഹിക്കാവുന്ന ഒരു സംഗതി ഞാൻ അറിയിച്ചുതരട്ടെയൊ? നിങ്ങൾ നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക!" (മുസ്‌ലിം).**

ങ്കൾ എവിടേക്കാണ് ഉദ്ദേശിക്കുന്നത്?' അയാൾ പറഞ്ഞു: 'ഈ നാട്ടിൽ എന്റെ ഒരു സഹോദരനെ സന്ദർശിക്കുവാൻ.' മലക്ക് ചോദിച്ചു: 'താങ്കൾക്ക് ഉപകാരം ലഭിക്കുന്ന വല്ല അനുഗ്രഹവും താങ്കൾക്കായി അയാളുടെ പക്കലുണ്ടോ?' സന്ദർശകൻ പറഞ്ഞു: 'ഇല്ല. പക്ഷേ, ഞാൻ അയാളെ അല്ലാഹുവിന്റെ മാർഗത്തിൽ ഇഷ്ടപ്പെടുന്നു.' മലക്ക് പ്രതികരിച്ചു: 'എങ്കിൽ ഞാൻ താങ്കളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു; താങ്കൾ അയാളെ ഇഷ്ടപ്പെട്ടതുപോലെ അല്ലാഹു താങ്കളെ ഇഷ്ടപ്പെട്ടിരിക്കുന്നു" (മുസ്‌ലിം).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ ദൂതർ(ﷺ) പറഞ്ഞു: "ഒരാൾ തന്റെ സഹോദരനെ രോഗാവസ്ഥയിൽ സന്ദർശനം നടത്തി, അല്ലെങ്കിൽ ഒരു സൗഹൃദ സന്ദർശനം നടത്തി. അയാളോട് അല്ലാഹു പറയും: 'നീ നല്ലതു ചെയ്തു. നീ നിന്റെ നടത്തം നന്നാക്കി. സ്വർഗത്തിൽ നിനക്കൊരു വീട് നീ തയ്യാറാക്കി" (ബുഖാരി).

**ആറ്: മാന്യമായ ഭാഷണം**

വിശുദ്ധ ക്വുർആൻ പറയുന്നു: "നീ എന്റെ ദാസന്മാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കി വിടുന്നു. തീർച്ചയായും പിശാച് മനുഷ്യന്ന് പ്രത്യക്ഷ ശത്രുവാകുന്നു"(ക്വുർആൻ 17: 53).

**ഏഴ്: ദുർഗുണങ്ങൾ വെടിയുക**

പിണക്കം സമ്മാനിക്കുകയും അനൈക്യം സൃഷ്ടിക്കുകയും ചെയ്യുന്ന ദുർഗുണങ്ങൾ വെടിയലും സൽസ്വഭാവം വെച്ചുപുലർത്തലും പാരസ്പര്യം ഊട്ടിയുറപ്പിക്കപ്പെടുവാൻ അത്യന്താപേക്ഷിതമാണ്. അബൂഹുറയ്റ(റ)യിൽ നിന്ന് ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്ന ഹദീഥിലെ വിരോധങ്ങളെ നോക്കൂ:

"...അന്യരെ പറ്റിക്കാൻ വില കയറ്റിപ്പറയരുത്...നിങ്ങൾ അന്യോന്യം വിദ്വേഷം വെച്ചുപുലർത്തരുത്... പരസ്പരം മുഖം തിരിക്കരുത്..."(മുസ്‌ലിം).

**ഏഴ്: സമ്മാനങ്ങൾ നൽകുക**

സമ്മാനം നൽകൽ പാരസ്പര ബന്ധം സുദൃഢമാക്കമെന്നും സ്നേഹബന്ധം ഊഷ്മളമാക്കുമെന്നും നബി(ﷺ) അറിയിച്ചിട്ടുണ്ട്.

ആഇശ(റ)യിൽ നിന്ന് നിവേദനം; തിരുദൂതർ(ﷺ) പറഞ്ഞു: "അന്യോന്യം സമ്മാനങ്ങൾ നൽകുക, എന്തുകൊണ്ടെന്നാൽ സമ്മാനങ്ങൾ നെഞ്ചകത്തെ പക എടുത്തുകളയുന്നു" (മുസ്നദുഅഹ്മദ്, അർനാഊത് ഹസനെന്ന് വിശേഷിപ്പിച്ചത്).

"നിങ്ങൾ സമ്മാനങ്ങൾ കൈമാറുക, നിങ്ങൾ അന്യോന്യം സ്നേഹിക്കുക."

**പിണക്കം തീർക്കലും രജ്ഞിപ്പുണ്ടാക്കലും**

ആളുകൾക്കിടയിലെ പിണക്കങ്ങൾ തീർക്കുവാനും കുഴപ്പങ്ങൾ ഒതുക്കുവാനും ഇസ്‌ലാം കൽപിച്ചു. ഏതാനും പ്രമാണ വചനങ്ങൾ നോക്കൂ:

"അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക" (ക്വുർആൻ 8: 01).

അബുദ്ദർദാഇ(റ)ൽ നിന്നും നിവേദനം; നബി(ﷺ) പറഞ്ഞു: "നോമ്പിനെക്കാളും നമസ്കാരത്തെക്കാളും ദാനധർമങ്ങളെക്കാളും ഉൽകൃഷ്ടമായതിനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?" അവർ പറഞ്ഞു; "അതെ, അകന്നുനിൽക്കുന്നവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കൽ. കാരണം, അകന്നുനിൽക്കുന്നവർക്കിടയിലെ കുഴപ്പമത്രെ ദീനിനെ നശിപ്പിക്കുന്നത്" (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചത്). ●

അർഷദ് താനൂർ
arshadtnr@gmail.com

ലേഖനം



# ചരിത്രം പഠിക്കുക, ചരിത്രം രചിക്കുക

ഇന്ത്യയിൽ, നൂറ്റാണ്ടിലെ തന്നെ കൊടും ശൈത്യത്തിൽ വിദ്യാർഥികൾ ചരിത്രം രചിക്കുകയാണ്. ഡിസംബർ 8ന് ലോകസഭയിൽ പൗരത്വ ഭേദഗതി ബിൽ ചർച്ചക്ക് വെച്ചത് മുതൽ ജാമിഅ മില്ലിയ്യയിലെ വിദ്യാർഥികൾ സമരമുഖത്തുണ്ട്. ഒരു മാസം പിന്നിടുമ്പോഴും അവരുടെ പോരാട്ട വീര്യം ഒട്ടും കുറഞ്ഞിട്ടില്ല.

കൈക്കുഞ്ഞുമായി സമരമുഖത്തിരിക്കുന്നവർ,

പൊലീസ് കെട്ടിയ ബാരിക്കേഡുകൾക്ക് മുകളിൽ കയറി ഫാസിസത്തിന്റെ നേരെ നിർഭയം വിരൽ ചൂണ്ടുന്നവർ,

ആയുധധാരികളായ പൊലീസുകാർക്ക് റോസാ പൂ നൽകി 'വരൂ നമുക്ക് ഒന്നിച്ചിരിക്കാം, ചർച്ച ചെയ്യാം' എന്ന് പറയുന്നവർ...

ഇത് ഫാസിസ്റ്റുകളുടെ ഇരുമ്പു ദണ്ഡുകൾക്ക് മുമ്പിൽ മുട്ട് മടക്കാത്ത ഒരു തലമുറ.

ഈ വിദ്യാർഥിത്വം ഒരു പ്രതീക്ഷയാണ്.

ഈ പ്രക്ഷോഭങ്ങളെ അടക്കി നിർത്താൻ ഫാസിസത്തിനാകില്ല.

കാരണം,

അവരുടെ വാക്കത്തിയെക്കാൾ മൂർച്ചയുണ്ട് വിദ്യാർഥികളുടെ തൂലികയ്ക്ക്.

വടിവാളിനെക്കാൾ ശക്തിയുണ്ട് വിദ്യാർഥികളുടെ ചിന്തകൾക്ക്.

ഫാസിസത്തിന്റെ അക്രമത്തെ ചെറുക്കാൻ വിദ്യാർഥികളുടെ സർഗാത്മകതയ്ക്കാകും.

ആഫ്രിക്കയിലെ യൂണിവേഴ്സിറ്റിയിൽ നിന്നാണ് വർണ വിവേചനത്തിനെതിരെയുള്ള സമരജ്വാലകൾ ഉദിച്ചുയർന്നത്.

ജർമനിയിലെ ക്ലാസിക്കൽ ഫാസിസത്തിനെതിരെ വിരൽ ചൂണ്ടിയത് ബർലിൻ യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളാണ്

എങ്കിൽ, ഇന്ത്യയിലെ വിദ്യാർഥി തലമുറയും ചരിത്രത്തിൽ ഇടം നേടും.

ഫാസിസത്തിനെതിരെയുള്ള ഈ പോരാട്ടം വെറുതെയാകില്ല.

രാവിലെ ചരിത്രം പഠിക്കുകയും വൈകുന്നേരം ചരിത്രം രചിക്കുകയും ചെയ്യുന്നവരാണ് ഇന്നത്തെ വിദ്യാർഥികൾ.


നാം ചരിത്രം പഠിക്കുക.

നമ്മൾ വന്ന വഴികളിലേക്ക് തിരിഞ്ഞുനോക്കുക.

ഇന്നലകളിലെ സ്വാതന്ത്ര്യസമര പോരാളികളുടെ വീരചരിത്രം നമുക്ക് മുന്നോട്ട് ഗമിക്കാനുള്ള ഊർജമാകണം.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം




അധ്യായം: 67, ഭാഗം: 1

# മുൽക് (ആധിപത്യം)

(മക്കയിൽ അവതരിച്ചത്)

1. ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂർണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.
2. നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.
3. ഏഴു ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?
4. പിന്നീട് രണ്ടു തവണ നീ കണ്ണിനെ തിരിച്ച് കൊണ്ടുവരൂ. നിന്റെ അടുത്തേക്ക് ആ കണ്ണ് പരാജയപ്പെട്ട നിലയിലും പരവശമായികൊണ്ടും മടങ്ങിവരും.

تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ
شَىْءٍ قَدِيرٌ ﴿١﴾
ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ
أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾
ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ
فِى خَلْقِ ٱلرَّحْمَٰنِ مِن تَفَٰوُتٍ ۖ فَٱرْجِعِ
ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ ﴿٣﴾
ثُمَّ ٱرْجِعِ ٱلْبَصَرَ كَرَّتَيْنِ يَنقَلِبْ إِلَيْكَ ٱلْبَصَرُ
خَاسِئًا وَهُوَ حَسِيرٌ ﴿٤﴾

وَلَقَدْ زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ
وَجَعَلْنَٰهَا رُجُومًا لِّلشَّيَٰطِينِ ۖ وَأَعْتَدْنَا لَهُمْ
عَذَابَ ٱلسَّعِيرِ ٥
وَلِلَّذِينَ كَفَرُوا۟ بِرَبِّهِمْ عَذَابُ جَهَنَّمَ ۖ وَبِئْسَ
ٱلْمَصِيرُ ٦
إِذَآ أُلْقُوا۟ فِيهَا سَمِعُوا۟ لَهَا شَهِيقًا
وَهِىَ تَفُورُ ٧

5. ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുക്കളെ എറിഞ്ഞോടിക്കാനുള്ളവയുമാക്കിയിരിക്കുന്നു. അവർക്കു നാം ജ്വലിക്കുന്ന നരകശിക്ഷ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

6. തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്കാണ് നരകശിക്ഷയുള്ളത്. തിരിച്ചെത്തുന്ന ആ സ്ഥലം വളരെ ചീത്ത തന്നെ.

7. അവർ അതിൽ (നരകത്തിൽ) എറിയപ്പെട്ടാൽ അതിന്നവർ ഒരു ഗർജനം കേൾക്കുന്നതാണ്. അത് തിളച്ചുമറിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യും.

1). (ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂർണനാകുന്നു). അല്ലാഹു മഹത്ത്വമുള്ളവനാണ്. അവന്റെ നന്മകൾ അധികരിച്ചതും അവന്റെ അനുഗ്രഹങ്ങൾ എല്ലാവർക്കും ലഭിക്കുന്നതുമാണ്. സർവലോകങ്ങളും അവന്റെ അധികാരത്തിലാണെന്നത് അവന്റെ മഹത്ത്വത്തിൽ പെട്ടതാണ്. ലോകത്തിന്റെ സ്രഷ്ടാവ് അവനാണ്. അവന്റെ യുക്തിയനുസരിച്ചുള്ള മതവിധികൾ കൊണ്ടും വിധിയായി അവൻ നിശ്ചയിക്കുന്ന കാര്യങ്ങൾ കൊണ്ടും അവനുദ്ദേശിക്കുന്നപോലെ അതിനെ നിയന്ത്രിക്കുന്നവനാണവൻ. അവന്റെ സമ്പൂർണമായ കഴിവാണ് മറ്റൊരു മഹത്ത്വം. അതുമൂലം അവന് എന്തും സാധിക്കും. അതിനാൽ ആകാശം, ഭൂമി പോലുള്ള മഹത്തായ സൃഷ്ടികളെ അവൻ ഉണ്ടാക്കി.

2). (മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ). അവരെ ജീവിപ്പിക്കുകയും പിന്നീട് മരിപ്പിക്കുകയും ചെയ്യുക എന്നത് തന്റെ അടിമകൾക്ക് അല്ലാഹു വിധിയായി നിശ്ചയിച്ചു. (നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ എന്ന് പരീക്ഷിക്കുവാൻ വേണ്ടി). അതായത് ഏറ്റവും ശരിയായും ആത്മാർഥമായും. അല്ലാഹു തന്റെ അടിമകളെ സൃഷ്ടിക്കുകയും ഈ ലോകത്ത് അവരെ നിശ്ചയിക്കുകയും ചെയ്തു. ഇവിടെ നിന്നും മാറിപ്പോകേണ്ടി വരും എന്നവരെ ഓർമപ്പെടുത്തുകയും ചെയ്തു. അവരോടവൻ കൽപിച്ചു, വിരോധിച്ചു. കൽപനകൾക്ക് എതിര് പ്രവർത്തിക്കാൻ പ്രേരകമാകുന്ന ഇച്ഛകൾ നൽകി പരീക്ഷിച്ചു. ആർ അല്ലാഹുവിന്റെ കൽപനകൾക്ക് കീഴൊതുങ്ങുന്നുവോ അവർക്ക് അവൻ ഇരുലോകത്തും നല്ല പ്രതിഫലം നൽകും. അല്ലാഹുവിന്റെ കൽപനകൾ ഉപേക്ഷിക്കുകയും മനസ്സിന്റെ ഇച്ഛകളോട് താൽപര്യം കാണിക്കുകയും ചെയ്യുന്നവന് ഏറ്റവും മോശമായ പ്രതിഫലവും ലഭിക്കുന്നു.

(അവൻ പ്രതാപിയും) എല്ലാ വസ്തുക്കളെയും കീഴ്പെടുത്തുന്ന സർവ പ്രതാപങ്ങളുടെയും ഉടമസ്ഥൻ. എല്ലാ സൃഷ്ടികളും അവന് കീഴൊതുങ്ങുന്നു. (ഏറെ പൊറുക്കുന്നവനുമാകുന്നു). തെറ്റ് ചെയ്യുന്നവർക്കും വീഴ്ച വരുത്തുന്നവർക്കും പാപം ചെയ്യുന്നവർക്കും; പ്രത്യേകിച്ച് പശ്ചാത്തപിക്കുന്നവർക്കും ഖേദിച്ച് മടങ്ങുന്നവർക്കും. ആകാശത്തോളം പാപമെത്തിയാലും അവൻ അവർക്ക് പൊറുത്തുകൊടുക്കും. അവരുടെ പോരായ്മകൾ മറച്ചുവെക്കും; ഈ ലോകം നിറയെ വീഴ്ചകളുണ്ടെങ്കിലും.

3). (ഏഴു ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ). അതായത് ഓരോന്നും മറ്റൊന്നിന് മുകളിലായി. എല്ലാം ഒന്നല്ല. വ്യത്യസ്തങ്ങളാണ്. അങ്ങേയറ്റം ഭംഗിയിലും ഉറപ്പിലുമാണതിന്റെ സൃഷ്ടിപ്പ്.

(പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല) വിടവോ ന്യൂനതകളോ. എല്ലാ തരം ന്യൂനതകളിൽ നിന്നും മുക്തമായത്, പൂർണഭംഗിയുള്ളതും എല്ലാ നിലയ്ക്കും പരസ്പരം പൊരുത്തപ്പെട്ട് നിൽക്കുന്നതുമായിരിക്കും; അതിന്റെ നിറത്തിലും രൂപത്തിലും ഉന്നതിയിലുമെല്ലാം. അതിലുള്ള സൂര്യനും പ്രകാശിക്കുന്ന നക്ഷത്രങ്ങളും ചലിക്കുന്നവയും ചലിക്കാത്തവയുമെല്ലാം അപ്രകാരം തന്നെ.

**ധാരാളം നക്ഷത്രങ്ങൾ ഏഴാകാശത്തിന് അപ്പുറത്താണെന്നുള്ളത്. എന്നാൽ ഒരിക്കലും അടുത്ത ആകാശത്തെ നക്ഷത്രങ്ങളെ കൊണ്ട് അലങ്കരിച്ചു എന്ന് ക്വുർആൻ പറയുന്നതിന് എതിരാകുന്നില്ല. കാരണം ആകാശം സുതാര്യമാണ്. അതിനാൽ നക്ഷത്രങ്ങൾ ഒന്നാനാകാശത്തല്ലെങ്കിലും അതിന്റെ ഭംഗി അതിൽ ദർശിക്കാൻ സാധിക്കും. അതായത് വിളക്കുകളെ ആകാശ വർത്തമാനങ്ങൾ കട്ടുകേൾക്കാൻ ഉദ്ദേശിക്കുന്നവരായ പിശാചുക്കളിൽ നിന്നുള്ള സംരക്ഷണത്തിനാണ് അല്ലാഹു നക്ഷത്രങ്ങളെ നിശ്ചയിച്ചത്. അതായത്, നക്ഷത്രത്തിൽ നിന്ന് പതിക്കുന്ന ഈ ഉൽക്കകൾ.**

ആകാശത്തിന്റെ പൂർണത അംഗീകരിക്കപ്പെട്ടതാണ്. ആകാശത്തിലേക്ക് ആവർത്തിച്ചു നോക്കാനും അതിന്റെ ഭാഗങ്ങളെക്കുറിച്ച് ചിന്തിക്കാനും അല്ലാഹു കൽപിക്കുന്നു. അല്ലാഹു പറയുന്നു: (നീ കണ്ണിനെ തിരിച്ചു കൊണ്ടുവരൂ). അതിലേക്ക് വീണ്ടും മടക്കുക. ഗുണപാഠം കണ്ടെത്താൻ നോക്കുന്നവനായി. (വല്ല വിടവും നീ കാണുന്നുണ്ടോ). അതായത് വല്ല ന്യൂനതയോ വിള്ളലോ.

4). (പിന്നീട് രണ്ടുതവണ നീ കണ്ണിനെ തിരിച്ചു കൊണ്ടുവരൂ). ധാരാളം പ്രാവശ്യം എന്നതാണുദ്ദേശ്യം. (നിന്റെ അടുത്തേക്ക് ആ കണ്ണ് പരാജയപ്പെട്ട നിലയിലും പരവശമായിക്കൊണ്ടു മടങ്ങിവരും) എത്രതന്നെ താൽപര്യം കാണിച്ചാലും അതിൽ വിടവോ വിള്ളലോ കാണാൻ കഴിയാതെ. അതിന്റെ ഭംഗിയെ പരാമർശിച്ചുകൊണ്ട് തുടർന്ന് പറയുന്നു: (ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു).

5). (തീർച്ചയായും നാം അലങ്കരിച്ചു) അതായത് നാം ഭംഗിയുള്ളതാക്കി. (ഏറ്റവും അടുത്ത ആകാശത്തെ) നിങ്ങളുടെ അടുത്തുള്ളതും നിങ്ങൾ കാണുന്നതുമായ ആകാശം. (ചില വിളക്കുകൾ കൊണ്ട്) അത് നക്ഷത്രങ്ങളാണ്. വെളിച്ചത്തിലും പ്രകാശത്തിലും അവക്ക് ഏറെ വ്യത്യാസങ്ങളുണ്ട്. ആകാശത്ത് നക്ഷത്രങ്ങളില്ലെങ്കിൽ അത് ഇരുട്ടിയ മേൽക്കൂരയാകും. ഭംഗിയോ മോടിയോ ഇല്ലാത്ത.

എന്നാൽ അല്ലാഹു ഈ നക്ഷത്രങ്ങളെ ആകാശത്തിന് അലങ്കാരമാക്കി. ഭംഗിയും വെളിച്ചവുമാക്കി. കടലിന്റെയും കരയുടെയും ഇരുട്ടുകളിൽ വഴി കണ്ടെത്താനുള്ള വഴികാട്ടികളും.

ധാരാളം നക്ഷത്രങ്ങൾ ഏഴാകാശത്തിന് അപ്പുറത്താണെന്നുള്ളത്. എന്നാൽ ഒരിക്കലും അടുത്ത ആകാശത്തെ നക്ഷത്രങ്ങളെ കൊണ്ട് അലങ്കരിച്ചു എന്നു പറയുന്നതിന് എതിരാകുന്നില്ല. കാരണം ആകാശം സുതാര്യമാണ്. അതിനാൽ നക്ഷത്രങ്ങൾ ഒന്നാനാകാശത്തല്ലെങ്കിലും അതിന്റെ ഭംഗി അതിൽ ദർശിക്കാൻ സാധിക്കും. (അതിനെ നാം ആക്കിയിരിക്കുന്നു) അതായത് വിളക്കുകളെ (പിശാചുക്കളെ എറിഞ്ഞോടിക്കാനുള്ളവ) ആകാശ വർത്തമാനങ്ങൾ കട്ടുകേൾക്കാൻ ഉദ്ദേശിക്കുന്നവരായ ആകാശത്തിലെ വർത്തമാനങ്ങൾ സ്വീകരിച്ച് ഭൂമിയലെത്തിക്കുന്ന പിശാചുക്കളിൽ നിന്നുള്ള സംരക്ഷണത്തിനാണ് അല്ലാഹു നക്ഷത്രങ്ങളെ നിശ്ചയിച്ചത്. അതായത്, നക്ഷത്രത്തിൽ നിന്ന് പതിക്കുന്ന ഈ ഉൽക്കകൾ. ഈ ലോകത്ത് പിശാചുക്കൾക്ക് വേണ്ടി അല്ലാഹു തയ്യാറാക്കിയതാണത്.

(നാം അവർക്കു വേണ്ടി ഒരുക്കിവെക്കുകയും ചെയ്തു) പരലോകത്ത് (ജ്വലിക്കുന്ന നരകശിക്ഷ). കാരണം അവർ അല്ലാഹുവിനോട് അതിരുവിട്ട് പ്രവർത്തിച്ചു. അവന്റെ അടിമകളെ വഴിതെറ്റിച്ചു. ഇക്കാരണത്താൽ പിശാചുക്കളെ പിൻപറ്റിയ അനുയായികളും അവനെപ്പോലെ തന്നെയാണ്. അവർക്ക് അല്ലാഹു ജ്വലിക്കുന്ന നരകശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്. അതാണ് തുടർന്ന് പറയുന്നത്.

6). (തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്കാണ് നരകശിക്ഷയുള്ളത്. തിരിച്ചെത്തുന്ന ആ സ്ഥലം വളരെ ചീത്ത തന്നെ) അതിന്റെ അവകാശികൾ അത്യധികം നിന്ദ്യരാക്കപ്പെടും.

7). (കോപം നിമിത്തം അത് പൊട്ടിപ്പിളർന്ന് പോകുമാറാകും) ഒരുമിച്ച് നിൽക്കുന്ന അതിന്റെ ഭാഗങ്ങൾ ചിലത് ചിലതിൽ നിന്ന് വേറിട്ട് പോകുമാറാകും. സത്യനിഷേധികളോടുള്ള കോപത്താൽ അത് പൊട്ടിപ്പിളരും. അതിലെത്തിപ്പെടുന്നവരെ അവ എന്തുചെയ്യുമെന്നാണ് വിചാരിക്കുന്നത്? ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com

# ക്വുർആൻ മാനവർക്ക് മാർഗദർശനം

എന്താണ് വിശുദ്ധ ക്വുർആൻ മാനവസമൂഹത്തിൽ നിർവഹിക്കുന്ന ദൗത്യം എന്നതിനെ സംബന്ധിച്ച് ക്വർആനിലെ 14ാം അധ്യായം 52ാം വചനത്തിൽ അല്ലാഹു പറയുന്നു:

"ഇത് മനുഷ്യർക്ക് വേണ്ടി വ്യക്തമായ ഒരു ഉൽബോധനമാകുന്നു. ഇതു മുഖേന അവർക്കു മുന്നറിയിപ്പ് നൽകപ്പെടേണ്ടതിനും അവൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് അവർ മനസ്സിലാക്കുന്നതിനും ബുദ്ധിമാൻമാർ ആലോചിച്ച് മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള (ഉൽബോധനം)".

അല്ലാഹുവിൽ നിന്നുള്ള സന്ദേശങ്ങളും മുന്നറിയിപ്പുകളുമാണ് ഈ വേദഗ്രന്ഥത്തിന്റെ ഉള്ളടക്കം എന്നാണ് അല്ലാഹു നമ്മെ ഓർമപ്പെടുത്തുന്നത്.

ഒരു രാജ്യം ഭരിക്കുന്ന രാജാവ് ആ നാട്ടിലെ ജനങ്ങളിലേക്ക് സന്ദേശങ്ങളുമായി ദൂതന്മാരെ അയച്ചാൽ ആ ജനത സാധാരണ ഗതിയിൽ എന്താണ് ചെയ്യുക? തങ്ങൾക്ക് ലഭിച്ച ആ സന്ദേശങ്ങളെ ഏറെ താൽപര്യത്തോട് കൂടിയും ആകാംക്ഷയോടു കൂടിയും വായിക്കുകയും മനസ്സിലാക്കുകയും ചെയ്യും. ഒന്നുകിൽ അവർക്കുള്ള വല്ല സന്തോഷവാർത്തുയുമായിരിക്കാം. അല്ലെങ്കിൽ വല്ല താക്കീതുകളും ആയിരിക്കാം. രണ്ടാണെങ്കിലും പ്രതീക്ഷയോടുകൂടിയോ ഭയപ്പാടോടുകൂടിയോ അവർ അത് വായിക്കും. തങ്ങളുടെ രാജാവിനെ പ്രീതിപ്പെടുത്താൻ അവർ ഏറെ പരിശ്രമിക്കുകയും ചെയ്യും.

എന്നാൽ അതിനെല്ലാം അപ്പുറത്ത്, ഏതൊരു സ്രഷ്ടാവിന്റെ സൃഷ്ടിപ്രവൃത്തികൊണ്ടാണോ നാം ഇവിടെ ഉണ്ടായത്, ഈ കാണുന്ന പ്രപഞ്ചവും അനന്തകോടി ജീവജാലങ്ങളും സംവിധാനിച്ചവനാരോ അവനിൽനിന്ന് അവൻ തിരഞ്ഞെടുത്തു പറഞ്ഞയച്ച ദൂതനായ മുഹമ്മദ് നബിﷺയിലൂടെ മനുഷ്യർക്ക് ലഭിച്ചിട്ടുള്ള സന്ദേശങ്ങളാണ് വിശുദ്ധ വേദഗ്രന്ഥമായ ക്വുർആൻ. അങ്ങനെയെങ്കിൽ മനുഷ്യരെന്ന നിലയിൽ നമുക്ക് ലഭിച്ച ആ സന്ദേശങ്ങൾ എന്താണ് എന്നറിയാൻ നാം താൽപര്യം കാണിക്കുകയും അത് പഠിക്കാൻ നാം തയ്യാറാവുകയും ചെയ്യേണ്ടതില്ലേ?

'ഇത് മുഷ്യർക്ക് വേണ്ടിയുള്ള വ്യക്തമായ ഒരു ഉദ്ബോധനമാകുന്നു' എന്നാണ് ക്വുർആൻ പ്രഖ്യാപിക്കുന്നത്. ഈ സന്ദേശം ഉൾകൊള്ളുന്ന പ്രഥമവും പ്രധാനവുമായ കാര്യം, ആരാധ്യനായ ദൈവം ഏകനായ അല്ലാഹു മാത്രമാണ് എന്നതാണ്. മനുഷ്യർ അതറിയുകയും അത് മുഖേന അവർ താക്കീത് ചെയ്യപ്പെടുകയും ചെയ്യേണ്ടതുണ്ട്.

അപ്പോൾ സ്രഷ്ടാവിൽനിന്ന് സൃഷ്ടികൾക്കുള്ള സന്ദേശമാണ് ക്വുർആൻ. അതിൽ പ്രധാനപ്പെട്ടതാകട്ടെ ഏകദൈവാരാധനയെ സംബന്ധിച്ചുള്ള സന്ദേശവും.

ക്വുർആനിലെ 6ാം അധ്യായം19ാം വചനത്തിൽ അല്ലാഹു പറയുന്നു:

"(നബിയേ,) ചോദിക്കുക: സാക്ഷ്യത്തിൽ വെച്ച് ഏറ്റവും വലിയത് ഏതാകുന്നു? പറയുക: അല്ലാഹുവാണ് എനിക്കും നിങ്ങൾക്കും ഇടയിൽ സാക്ഷി. ഈ ക്വുർആൻ എനിക്ക് ദിവ്യബോധനമായി നൽകപ്പെട്ടിട്ടുള്ളത്, അത് മുഖേന നിങ്ങൾക്കും അത് (അതിന്റെ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാകുന്നു. അല്ലാഹുവോടൊപ്പം വേറെ ദൈവങ്ങളുണ്ടെന്നതിന് യഥാർഥത്തിൽ നിങ്ങൾ സാക്ഷ്യം വഹിക്കുമോ? പറയുക: ഞാൻ സാക്ഷ്യം വഹിക്കുകയില്ല. പറയുക: അവൻ ഏകദൈവം മാത്രമാകുന്നു. നിങ്ങൾ അവനോട് പങ്കുചേർക്കുന്നതുമായി എനിക്ക് യാതൊരു ബന്ധവുമില്ല."

അപ്പോൾ ഈ ക്വുർആൻ, അത് ആരിലൊക്കെ എത്തിയിട്ടുണ്ടോ അവർക്കെല്ലാമുള്ള സന്ദേശവും താക്കീതുമാകുന്നു. ആ ഗ്രന്ഥത്തിലെ ഏറ്റവും വലിയ സന്ദേശം ഏകനായ ദൈവത്തെ മാത്രം ആരാധിക്കുക എന്നതും അതിലെ ഏറ്റവും വലിയ താക്കീത് അതിനെ അവഗണിക്കുന്നവർക്ക് ലഭിക്കുന്ന ശിക്ഷയെ സംബന്ധിച്ചുമാകുന്നു.

മനുഷ്യർ ഈ മഹാസത്യം അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

എന്നാൽ മനുഷ്യൻ ഉദ്ബോധനങ്ങളെ സംബന്ധിച്ച് ഏറെ അശ്രദ്ധനും താക്കീതുകളെ അവഗണിക്കുന്നവനുമാകുന്നു. എല്ലാ വഴികേടിൽ നിന്നും സ്രഷ്ടാവിൽ അഭയം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JANUARY 25

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600

greenvalleyinstitutions@gmail.com

/greenvalleycampus

GREEN VALLEY
PUBLIC SCHOOL

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**